# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ഇട്ടിവ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001

ഇ-മെയിൽ: doklm.ksad@kerala.gov.in

ഫോൺ : 0474-2740141

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA KLM/P3/1957/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001
തീയ്യതി: 05/12/2023
ഇ-മെയിൽ: doklm.ksad@kerala.gov.in
ഫോൺ: 0474-2740141

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ഇട്ടിവ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ഇട്ടിവ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഇട്ടിവ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA KLM/P3/1957/2023 തീയ്യതി: 05/12/2023

## കൊല്ലം ജില്ലയിലെ ഇട്ടിവ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ ഇട്ടിവ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-12-2022 മുതൽ 31-10-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 18 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. അനിൽ കുമാർ എസ് | ഡെപ്യൂട്ടി ഡയറക്ടർ | 13-11-2023 | 18-11-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 13-11-2023 | 18-11-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. പ്രദീപ്കുമാർ പി, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)

ശ്രീ. എ. അരുൺ കുമാർ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീ. അനീഷ് വി. എസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീ. ജയേഷ് ജെ. ബി, സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീ. എസ്. ശ്രീകുമാർ, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.അമൃത.സി | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീമതി ലീനാകുമാരി കെ.ജി | സെക്രട്ടറി | 01-04-2022 | 31-03-2023 |

### നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. അനിൽകുമാർ. എസ്. | അസി.സെക്രട്ടറി | 01-04-2022 | 31-03-2023 |
| ഡോ.സിമി.ആർ | മെഡിക്കൽ ഓഫീസർ(സി.എച്ച്.സി) | 01-04-2022 | 31-03-2023 |
| ഡോ. മായ | മെഡിക്കൽ ഓഫീസർ(ആയുർവ്വേദം) | 01-04-2022 | 31-03-2023 |
| ഡോ.സീമ.ആർ | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 01-04-2022 | 31-03-2023 |
| ശ്രീമതി. സുമി. ഐ | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീമതി.സിന്ധു.കെ . | വി.ഇ.ഒ | 01-04-2022 | 21-11-2022 |
| ശ്രീമതി.വിനജ | വി.ഇ.ഒ | 01-04-2022 | 22-08-2022 |
| ശ്രീമതി.ബിന്ദു | വി.ഇ.ഒ | 19-12-2022 | 31-03-2023 |
| ശ്രീമതി.അഞ്ജു | വി.ഇ.ഒ | 23-08-2022 | 31-03-2023 |
| ശ്രീമതി.പാർവ്വതി ചന്ദ്രൻ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2022 | 31-03-2023 |
| ശ്രീമതി.ഷൈബി എസ്.ആർ | ഐ.സി.ഡി.എസ് | 01-04-2022 | 02-01-2023 |
| ശ്രീമതി.വിധുബാൽ ചിത്ര.ഐ | ഐ.സി.ഡി.എസ് | 03-01-2023 | 31-03-2023 |
| ശ്രീ.അനിൽകുമാർ ഡി | ഹെഡ്മാസ്റ്റർ | 01-04-2022 | 04-07-2022 |
| ശ്രീമതി. ഉഷാകുമാരി അമ്മ | ഹെഡ്മാസ്റ്റർ | 04-07-2022 | 31-03-2023 |
| ശ്രീ.അജി കെ | അസിസ്റ്റന്റ് എഞ്ചിനീയർ(മരാമത്ത്) | 01-04-2022 | 06-09-2022 |
| ശ്രീ.രാജൻ.എം.ജി | അസിസ്റ്റന്റ് എഞ്ചിനീയർ(മരാമത്ത്) | 06-09-2022 | 15-09-2022 |
| ശ്രീമതി.സവിത.വി | അസിസ്റ്റന്റ് എഞ്ചിനീയർ(മരാമത്ത്) | 15-09-2022 | 27-09-2022 |
| ശ്രീ.സാം ജോഷ്വ | അസിസ്റ്റന്റ് എഞ്ചിനീയർ(മരാമത്ത്) | 28-09-2022 | 31-03-2023 |
| ഡോ. രേഷ്മ എസ് | വെറ്ററിനറി സർജൻ | 01-04-2022 | 31-03-2023 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | 1-1 |
| 2 | വാർഷിക ധനകാര്യ പത്രികയോടൊപ്പം അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും ഉൾപ്പെട്ടിട്ടില്ല | 1-1-01 |
| 3 | ക്യാഷ് ഫ്ലോ പത്രികയിലെ തൻ വർഷത്തെ ആകെ ക്യാഷ് ഫ്ലോയും മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല. | 1-1-02 |
| 4 | ഗ്രാന്റ് ഇനത്തിൽ റിഫണ്ട് വന്ന 9,30,879/- രൂപ തനത് ഫണ്ടിലേക്ക് വകയിരുത്തി | 1-1-03 |
| 5 | ഗുണഭോക്തൃ വിഹിതം 320800101 ശീർഷകത്തിൽ -നീക്കിയിരുപ്പ് കൃത്യമല്ല | 1-1-04 |
| 6 | 2017-18 ലെ തൊഴിൽ നികുതി ഇനത്തിൽ ലഭിക്കേണ്ട 3,750/- രൂപ Cheque Deposited But Not Cleared ൽ നിലവിലും ഉൾപ്പെടുത്തിയിരിക്കുന്നു | 1-1-05 |
| 7 | 11,199/- രൂപയുടെ ചെക്കുകൾ സ്റ്റെയിൽ ചെക്കിൽ ഉൾപ്പെടുത്തിയില്ല | 1-1-06 |
| 8 | B-4, ഷെഡ്യൂളിൽ വിവിധ ബാദ്ധ്യത ശീർഷകങ്ങളിൽ നീക്കിയിരിപ്പായി അവശേഷിക്കുന്ന 11,30,594/- രൂപ ഏതെല്ലാം പദ്ധതികൾക്കുള്ളതാണെന്ന് വ്യക്തമല്ല | 1-1-07 |
| 9 | ബജറ്റ് | 1-2 |
| 10 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 11 | ഫണ്ട് വിനിയോഗം | 1-4 |
| 12 | പദ്ധതി അവലോകനം | 1-5 |
| 13 | തൊഴിലുറപ്പ് പദ്ധതി | 1-06 |
| 14 | ക്ഷേമ പദ്ധതികൾ | 1-7 |
| 15 | ക്യാഷ് പരിശോധന | 1-8 |
| 16 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 17 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 18 | കുറഞ്ഞ നിരക്കിൽ വസ്തുനികുതി നിർണ്ണയിച്ചു | 1-11 |
| 19 | 5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡിന്റെ വശങ്ങളിൽ സ്ഥിതി ചെയ്യുന്ന കെട്ടിടങ്ങളെ 20 ശതമാനം നികുതി വർദ്ധനവിൽ നിന്നും ഒഴിവാക്കുന്നു. | 1-12 |
| 20 | ദ്വിതീയ മേഖലയിലെ കെട്ടിടങ്ങളെ തൃതീയമേഖലയിൽ ഉൾപ്പെടുത്തി നികുതി ഇളവ് നൽകുന്നു | 1-13 |
| 21 | ലേല കുടിശ്ശിക ഈടാക്കിയില്ല | 1-14 |
| 22 | മോട്ടോർ ഫീസ് ഈടാക്കിയില്ല | 1-15 |
| 23 | ജി.എസ്.റ്റി. ഈടാക്കിയില്ല | 1-16 |
| 24 | മരുന്ന് പൂർണ്ണമായും ലഭിച്ചില്ല. 45,861/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-17 |
| 25 | പഞ്ചായത്ത് ലൈബ്രറിയുടെ പ്രവർത്തനം കാര്യക്ഷമമല്ല. | 1-18 |
| 26 | തെരുവുവിളക്ക് പരിപാലനം -അപാകതകൾ | 1-19 |
| 27 | പകൽ വീട് പദ്ധതി - കരാർ ജീവനക്കാർക്ക് ഉയർന്ന നിരക്കിൽ വേതനം നൽകി | 1-20 |
| 28 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല. 33,66,866/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-21 |
| 29 | പൊതു ടാപ്പുകളുടെ വെള്ളക്കരം ഒടുക്കൽ - സംയുക്ത പരിശോധന നടത്തിയില്ല. | 1-22 |
| 30 | മഴക്കാലപൂർവ്വ ശുചീകരണം- അനുവദിച്ച തുക ചെലവ് ചെയ്തില്ല. | 1-23 |

| | | |
|---|---|---|
| 31 | മരാമത്ത് പ്രവൃത്തി : മണ്ണുനിറയ്ക്കൽ - 'കൺസോളിഡേഷൻ' കുറവ് വരുത്താത്തതുമൂലം അധിക ചെലവ് | 1-24 |
| 32 | ഹരിതകർമസേന - പ്രവർത്തന അവലോകനം | 1-25 |
| 33 | ഒഴിഞ്ഞ ബാരലിന്റെ വില ഈടാക്കിയില്ല | 1-26 |
| 34 | ഹരിത കർമ സേനയുടെ ഉപയോഗത്തിനായി വാങ്ങിയ വാഹനങ്ങൾ ഉപയോഗിക്കുന്നില്ല. | 1-27 |
| 35 | അധികം വാങ്ങിയ ഗുണഭോക്തൃവിഹിതം തിരികെ നൽകാനുള്ള നടപടികൾ സ്വീകരിയ്ക്കേണ്ടതാണ് | 1-28 |
| 36 | കന്നുകുട്ടി പരിപാലനം - വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല | 1-29 |
| 37 | തനത് വരുമാനം-അവലോകനം | 1-30 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | മണ്ണുനിറയ്ക്കൽ-'കൺസോളിഡേഷൻ' കുറവ് വരുത്തിയില്ല 5,280/-രൂപയുടെ ചെലവ് നിരാകരിക്കുന്നു. | 3-1 |
| 2 | പകൽ വീട് പദ്ധതി - കരാർ ജീവനക്കാർക്ക് ഉയർന്ന നിരക്കിൽ വേതനം നൽകി | 3-2 |
| ഭാഗം **4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തിക്കു നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | അനുബന്ധപത്രികകൾ | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സാക്ഷ്യപത്രം

I. കേരള പഞ്ചായത്ത് രാജ് ആക്റ്റ് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3 എന്നിവയും സംസ്ഥാന ഗവൺമെന്റ് / കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും അനുവർത്തിക്കേണ്ട നിർദ്ദേശങ്ങളും അനുസരിച്ച് തയ്യാറാക്കിയ ഇട്ടിവ ഗ്രാമപഞ്ചായത്തിന്റെ 31-03-2023 ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ റസീപ്റ്റ് & പെയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ്, ബാലൻസ് ഷീറ്റ് എന്നിവ ഉൾപ്പെടുന്ന ധനകാര്യ പത്രികകളും നിർദ്ദിഷ്ട അനുബന്ധ ഫോറങ്ങളും 05.07.2023 ലെ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 7(1) നമ്പർ തീരുമാനം പ്രകാരം അംഗീകരിച്ച് 07/07/2023-ൽ ഓഡിറ്റിന് സമർപ്പിച്ചത് ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തത്തിൽ തയ്യാറാക്കിയ ഈ അക്കൗണ്ടുകളിന്മേൽ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തി അഭിപ്രായം രേഖപ്പെടുത്തുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

II. പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനായി C&AG പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങളും ഓഡിറ്റിംഗ് സ്റ്റാന്റേർഡുകളും അനുസരിച്ചാണ് ഞാൻ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റുകളില്ലാത്തതാണ് എന്ന് ന്യായമായും ഉറപ്പു വരുത്തുന്ന തരത്തിൽ ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നിർവ്വഹിക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ / മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകൾക്കും വെളിപ്പെടുത്തലുകൾക്കും അടിസ്ഥാനമായ തെളിവുകൾ പരിശോധിക്കുന്നതും ഉപയോഗിച്ചിരിക്കുന്ന അക്കൗണ്ടിംഗ് തത്വങ്ങളുടേയും തയ്യാറാക്കിയിരിക്കുന്ന പ്രസക്തമായ എസ്റ്റിമേറ്റുകളുടേയും വിലയിരുത്തലും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണത്തിന്റെ വിലയിരുത്തലും ഓഡിറ്റിൽ നിർവ്വഹിച്ചിട്ടുണ്ട്. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

III. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളെയും വിശദീകരണങ്ങളെയും അടിസ്ഥാനമാക്കിയും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി ലഭിച്ച പരമാവധി വിവരങ്ങളുടെ അടിസ്ഥാനത്തിലും, അവയിന്മേൽ നൽകപ്പെട്ട വിശദീകരണങ്ങൾ പരിഗണിച്ചും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായും ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോടു കൂടിയ സാക്ഷ്യപത്രം
അനുബന്ധ റിപ്പോർട്ടിലെ വിശേഷണങ്ങളോടു കൂടിയ അഭിപ്രായത്തിന് ആധാരമായി വിവരിച്ചിരിക്കുന്ന കാര്യങ്ങളിൽ ഒഴികെ അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, ഇട്ടിവ ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക ധനകാര്യപത്രികകൾ സാമ്പത്തിക നിലയെക്കുറിച്ചും സാമ്പത്തിക ഫലത്തെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

### 1-1-01 വാർഷിക ധനകാര്യ പത്രികയോടൊപ്പം അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും ഉൾപ്പെട്ടിട്ടില്ല

റേഷ്യോസ്, സെക്രട്ടറിയുടെ കുറിപ്പുകൾ

### 1-1-02 ക്യാഷ് ഫ്ലോ പത്രികയിലെ തൻ വർഷത്തെ ആകെ ക്യാഷ് ഫ്ലോയും മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല.

ഓപ്പറേറ്റിങ്, ഇൻവെസ്റ്റിങ്, ഫിനാൻസിങ് പ്രവൃത്തികളിൽ ജനറേറ്റ് ചെയ്ത ക്യാഷ് = 12,77,890/-രൂപ.

മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസം (40a-40b) = 1,53,39,908/-രൂപ.

വ്യത്യാസം = 1,40,62,018/-രൂപ.

### 1-1-03 ഗ്രാന്റ് ഇനത്തിൽ റിഫണ്ട് വന്ന 9,30,879/- രൂപ തനത് ഫണ്ടിലേക്ക് വകയിരുത്തി

ചെക്ക് നം. 33190 തീ. 21/03/2022 പ്രകാരം കേരള വാട്ടർ അതോറിറ്റിയിൽ നിന്നും തിരികെ ലഭിച്ച 9,30,879 /- രൂപ 21/04/2022 ലെ രസീത് നം. 1220100072 പ്രകാരം Prior Period Income ശീർഷകത്തിൽ വരവ് വച്ചത് മൂലം 9,30,879/ രൂപ തനത് ഫണ്ട് ആയി വകയിരുത്തപ്പെട്ടു.

കേരള വാട്ടർ അതോറിറ്റിയുടെ 25/03/2022 ലെ AB4-1/2022/PHDn/KTR നമ്പർ വിനിയോഗ സാക്ഷ്യപത്രം പ്രകാരം തിരികെ ലഭിച്ച 9,30,879/-രൂപ 25/07/2022 ലെ സ.ഉ(സാധാ) നം. 1785/2022/ LSGD ഉത്തരവ് പ്രകാരമുള്ള പ്രവർത്തനങ്ങൾക്ക് മാത്രമായി വിനിയോഗിക്കുന്നതിനായി ബാധ്യത ശീർഷകത്തിൽ ഉൾപ്പെടുത്തിയില്ല. വിനിയോഗ സാക്ഷ്യപത്രം പ്രകാരം ഉള്ള തുക Advance To Implementing Agencies -Deposit With Kerala Water Authority -ശീർഷകത്തിൽ കുറവ് ചെയ്തില്ല.

1-1-04 ഗുണഭോക്തൃ വിഹിതം 320800101 ശീർഷകത്തിൽ -നീക്കിയിരുപ്പ് കൃത്യമല്ല

ഗുണഭോക്തൃവിഹിതം ശീർഷകത്തിൽ വാർഷിക കണക്ക് പ്രകാരം 11,13,591/- രൂപ നീക്കയിരുപ്പ് ഉൾപ്പെടുത്തിയതിലെ അപാകത ചുവടെ ചേർക്കുന്നു

| ഗുണഭോക്തൃവിഹിതം ഒടുക്ക് വരുത്തിയ നിർവഹണ ഉദ്യോഗസ്ഥൻ/പദ്ധതി | തുക (₹) | അപാകത |
|---|---|---|
| കൃഷി | 17,491/- | 2020-21 ലെ വരവ് തുകയിൽ (17585-94) 27/01/2021 ലെ 120080104200 രസീത് പ്രകാരം വരവ് വന്ന 4,435/- രൂപ വിതരണം ചെയ്യാൻ നിലവിൽ സ്പിൽ ഓവർ പദ്ധതി ഇല്ല.<br>26/02/2021 ലെ 120080105441 രസീത് പ്രകാരം വരവ് വന്ന 13,150/- രൂപ കാർഷിക ഉത്പന്ന വിപണന വിലയാണ്. |
| വെറ്ററിനറി സർജൻ | 26,000/- | 2019-20 ൽ വരവ് വന്ന തുക സംബന്ധിച്ച് വ്യക്തതയില്ല. |
| വെറ്ററിനറി സർജൻ | 3,21,000/- | 2019-20 ൽ 25,29,000/- രൂപ ഗുണഭോക്തൃവിഹിതം ഇനത്തിൽ ചെലവ് ഉണ്ട്. എന്നാൽ 22,08,000/- രൂപയുടെ ചെലവ് മാത്രമാണ് ലെഡ്ജറിൽ കുറവ് ചെയ്തത്. |
| വെറ്ററിനറി സർജൻ | 1,500/- | 2022-23 സാമ്പത്തിക വർഷം അധികം ഒടുക്കി |
| ജല ജീവൻ മിഷൻ | 7,47,600/- | --- |
| ആകെ | 11,13,591/- | |

1-1-05 2017-18 ലെ തൊഴിൽ നികുതി ഇനത്തിൽ ലഭിക്കേണ്ട 3,750/- രൂപ Cheque Deposited But Not Cleared ൽ നിലവിലും ഉൾപ്പെടുത്തിയിരിക്കുന്നു

ചടയമംഗലം എൽ.എസ്.ജി.ഡി. സബ് ഡിവിഷൻ ഓഫീസിൽ നിന്നും 2017-18 ൽ ഒടുക്കിയ 3,750 /- രൂപ (രസീത് നം 117080500013 തീ. 20-09-2017) Indian Bank Own Fund അക്കൗണ്ടിൽ Cheque Deposited But Not Cleared ൽ നിലവിലും ഉൾപ്പെടുത്തിയിരിക്കുന്നു.

1-1-06 11,199/- രൂപയുടെ ചെക്കുകൾ സ്റ്റെയിൽ ചെക്കിൽ ഉൾപ്പെടുത്തിയില്ല

Indian Bank Own Fund -795202525

| ചെക്ക് നം. | തീയതി | തുക (₹) |
|---|---|---|
| 565027 | 29-02-2020 | 5,379/- |
| 363024 | 05-06-2020 | 2,750/- |
| 565037 | 03-03-2020 | 2,070/- |
| 852567 | 16-04-2021 | 1,000/- |
| ആകെ | | 11,199/- |

1-1-07 B-4, ഷെഡ്യൂളിൽ വിവിധ ബാദ്ധ്യത ശീർഷകങ്ങളിൽ നീക്കിയിരിപ്പായി അവശേഷിക്കുന്ന 11,30,594/- രൂപ ഏതെല്ലാം പദ്ധതികൾക്കുള്ളതാണെന്ന് വ്യകതമല്ല

| അക്കൗണ്ട് ശീർഷകം | B-4 ഷെഡ്യൂളിൽ നീക്കിയിരിപ്പായി അവശേഷിക്കുന്ന തുക (രൂപ) | അപാകത |
|---|---|---|
| 320700204 | 10,77,799/- | നീക്കിയിരിപ്പ് തുകയുടെ ആധികാരികത വ്യകതമല്ല.<br>പ്രസ്തുത തുക ഏത് പദ്ധതികളുടെ നിർവഹണത്തിന് ലഭിച്ചതാണ് എന്ന് വ്യകതമാക്കുന്ന എ സി ആർ പരിപാലിച്ചിട്ടില്ല.<br>ജോയിന്റ് വെഞ്ചർ അക്കൗണ്ട് നം. 799011400001644 ൽ 10,70,697/-രൂപയാണ് നീക്കിയിരുപ്പ്. |
| 320700205 | 52,795/- | |
| ആകെ | 11,30,594/- | |

## 1-2 ബജറ്റ്

26-03-2022 ലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ / പരിഷ്കരിച്ച ബജറ്റ് 10-03-2023 ലെ 3-1 നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 4,69,03,476/-രൂപ |
| വരവ് | 6,65,97,693/-രൂപ |
| ആകെ | 11,35,01,169/-രൂപ |
| ചെലവ് | 5,12,57,785/-രൂപ |
| നീക്കിയിരിപ്പ് | 6,22,43,384/-രൂപ |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/നിരാകരിച്ച തുക | 1,59,962/-രൂപ |
| തടസ്സപ്പെടുത്തിയ തുക | 36,75,400/-രൂപ |

വികസന ഫണ്ട്, മെയിന്റനൻസ് ഗ്രാന്റ്, ധനകാര്യ കമ്മീഷൻ ഗ്രാന്റ് എന്നീ ഇനങ്ങളിലെ ട്രഷറി അക്കൗണ്ടിലെ വരവ് ചെലവുകൾ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ സാമ്പത്തിക വിശകലനത്തിലും ഉൾപ്പെടുത്തിയിട്ടില്ല.

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി. ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | സി.ബി. ₹ |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 34539000/- | 34539000/- | 34538916/- | 84/- |
| വികസന ഫണ്ട്-എസ്.സി.പി. | 0 | 11560000/- | 11560000/- | 11560000/- | 0 |
| വികസന ഫണ്ട്-ടി.എസ്.പി. | 0 | 0 | 0 | 0 | 0 |
| മെയിന്റനൻസ്, റോഡ് | 0 | 8119000/- | 8119000/- | 8119000/- | 0/- |
| മെയിന്റനൻസ്, നോൺ-റോഡ് | 0 | 8822000/- | 8822000/- | 7621622/- | 1200378/- |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Tied-Bank) | 8255361/- | 10782000/- | 19037361/- | 4936744/- | 14100617/- |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Untied-Bank) (ACR പ്രകാരം) | 1432254/- | (7188000 + 490391) 7678391/- | 9110645/- | 7809377/- | 1301268/- |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Tied-Treasury (ACR പ്രകാരം) | 0 | 5819537/- | 5819537/- | 2967718/- | 2851819/- |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Untied-Treasury) (ACR പ്രകാരം) | 0 | 373322/- | 373322/- | 0/- | 373322/- |
| സംസ്ഥാനാവിഷ്കൃത ഫണ്ട് | | | | | |
| ലൈഫ് ഭവന നിർമ്മാണം | 426570/- | 1100000/- | 1526570/- | 1500000/- | 26570/- |
| ബഡ് സ്കൂൾ | 2172150/- | 968400/- | 3140550/- | 919585/- | 2220965/- |
| ശുചിത്വ മിഷൻ മഴക്കാല പൂർവ ശുചീകരണം | 3110022/- | 522930/- | 3632952/- | 3194927/- | 438025/- |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | | | | | |
| TSC ശുചിത്വ മിഷൻ ഹെഡിലേക്ക് ജേണൽ ചെയ്ത തുക | 1325292/- | 0 | 1325292/- | 312930/- | 1012362/- |
| ICDS | 612628/- | 2406414/- | 3019042/- | 1644009/- | 1375033/- |
| ഹെൽത്ത് ഗ്രാന്റ് – ഡയഗ്നോസ്റ്റിക് ഇൻഫ്രാസ്ട്രക്ചർ | 0 | 297866/- | 297866/- | 137000/- | 160866/- |
| ഹെൽത്ത് ഗ്രാന്റ് -സബ് സെന്റർ | 0 | 162834/- | 162834/- | 19050/- | 143784/- |
| നാഷണൽ ഹെൽത്ത് മിഷൻ ആയുഷ് | 0 | 500000/- | 500000/- | 0 | 500000/- |

| | | | | | |
|---|---|---|---|---|---|
| MGNREGS – അഡ്മിൻ ഫണ്ട് | 9305/- | 1827834/- | 1837139/- | 1822705/- | 14434/- |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ (₹) | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് (₹) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| 241 | 21,66,49,129/- | 190 | 9,65,47,829/- | 51 | 78% |

## 1-06 തൊഴിലുറപ്പ് പദ്ധതി

| ഇനം | ഒ.ബി ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | സി.ബി ₹ |
|---|---|---|---|---|---|
| അഡ്മിനിസ്ട്രേറ്റീവ് ചെലവ് MNREGS അക്കൗണ്ട് റീഇമ്പേഴ്സ്മെന്റ് | 9305/- | 1827834/- | 1837139/- | 1822705/- | 14434/- |
| തൊഴിലാളികളുടെ കൂലി | 0/- | 71799240/- | 71799240/- | 71799240/- | 0 |
| സ്കിൽഡ്/സെമിസ്കിൽഡ് | 0 | 957210/- | 957210/- | 957210/- | 0/-- |
| മെറ്റീരിയൽ | 0 | 6593225/- | 6593225/- | 6593225/- | 0/- |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക (₹) |
|---|---|
| തൊഴിൽരഹിത വേതനം | 8,280/- |
| കർഷകതൊഴിലാളി പെൻഷൻ | 46,40,400/- |
| വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | 2,70,000/- |
| വാർദ്ധക്യകാല പെൻഷൻ | 4,48,15,200/- |
| വികലാംഗ പെൻഷൻ | 57,85,200/- |
| 50 വയസ്സുകഴിഞ്ഞ അവിവാഹിതർക്കുള്ള പെൻഷൻ | 4,69,200/- |
| വിധവാപെൻഷൻ | 1,96,67,600/- |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 17-11-2023 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 1,595/-രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിന് പുതിയ കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുന്നതിനാൽ നിലവിൽ പരിമിത സൗകര്യങ്ങളോടുകൂടിയാണ് ഓഫീസ് പ്രവർത്തിക്കുന്നത്.

നികുതി, നികുതിയേതര വരവുകൾ കൃത്യമായി നിർണ്ണയിച്ച് പിരിവ് നടത്തുക എന്ന ലക്ഷ്യം സാക്ഷാത്കരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. 2022-23 ൽ അനധികൃത നിർമ്മാണങ്ങൾ കണ്ടെത്തുന്നതിന് ചട്ടങ്ങളിൽ പരാമർശിച്ചിട്ടുള്ള നടപടികളും, പരിശോധനകളും ക്രമപ്രകാരം നടത്തുന്നതിന്റെ രേഖകളില്ല. പഞ്ചായത്ത് ഭരണസമിതിയുടെ അംഗീകാരത്തോടുകൂടി ഓഡിറ്റിന് ഹാജരാക്കിയ വാർഷിക ധനകാര്യ പത്രികയിൽ പൊരുത്തക്കേടുകൾ ഓഡിറ്റ് നിരീക്ഷിച്ചിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിൽ നിക്ഷിപ്തമായ ചുമതലകൾ ബാധകമായ നിയമങ്ങൾക്കും ചട്ടങ്ങൾക്കും മാർഗനിർദ്ദേശങ്ങൾക്കും അനുസൃതമായി മിതവ്യയം പാലിച്ച് ഫലപ്രാപ്തിയിലെത്തിക്കുന്നതിന് ഉതകുന്ന നിയന്ത്രണ/മേൽനോട്ട സംവിധാനങ്ങൾ കൂടുതൽ കാര്യക്ഷമമാകേണ്ടതുണ്ടെന്ന് കാണുന്നു.

പദ്ധതി ആസൂത്രണ നിർവഹണ പ്രവർത്തനങ്ങൾ സമയബന്ധിതമായി ഫലപ്രാപ്തിയിലെത്തിക്കുന്നതിന് കൂടുതൽ ജാഗ്രത പുലർത്തേണ്ടതാണ്. നിർവ്വഹണാധികാരികൾ പദ്ധതികൾ നടപ്പിൽവരുത്താതിരിക്കുന്നതിന്റേയും,പദ്ധതികൾ സ്പിൽഓവർ ആകുന്നതിന്റേയും കാരണം ബന്ധപ്പെട്ട കമ്മിറ്റികൾ സഗൗരവം പരിശോധിക്കേണ്ടതാണ്.

5,00,000/-രൂപ വരെ അടങ്കൽ വകയിരുത്തിയ മരാമത്ത് പ്രവൃത്തികൾക്കായുള്ള ടെന്റർ നടപടികൾ കാര്യക്ഷമമായിരുന്നില്ല എന്ന് ഓഡിറ്റ് നിരീക്ഷിക്കുന്നു. എസ്റ്റിമേറ്റ് നിരക്കിനടുത്ത് നിൽക്കുന്ന നിരക്കുകളിൽ തന്നെയാണ് കൂടുതൽ കരാറുകളും നടന്നിട്ടുള്ളത്. ടെന്റർ നടപടികളിൽ മത്സര സ്വഭാവം പരിമിതമായിരുന്നു. മരാമത്ത് പ്രവൃത്തികളിൽ പദ്ധതി പണത്തിന്റെ

മിതവ്യയം കണക്കിലെടുക്കുന്നുവെന്നതും, ആരംഭിച്ച പദ്ധതികൾ സമയക്ലിപ്തത പാലിച്ച് കാര്യക്ഷമമായി പൂർത്തീകരിക്കുന്നുവെന്നതും ഉറപ്പാക്കേണ്ടതാണ്.

തനതു വരുമാന വർദ്ധനവിനുതകുന്ന നികുതി നികുതിയേതര വരവുകൾ ഉയർത്തുന്നതിനുള്ള പുതിയ മാർഗ്ഗങ്ങൾ അവലംബിക്കേണ്ടതും കെട്ടിട നികുതിയുൾപ്പടെയുള്ളവയുടെ കൃത്യമായ നിർണ്ണയവും പിരിച്ചെടുക്കലും ഉറപ്പാക്കേണ്ടതുമാണ്.
ഹരിതകർമ്മ സേനയുടെ പ്രവർത്തനത്തിൽ പരിമിതികൾ നിലനിൽക്കുന്നു. അടിസ്ഥാന സൗകര്യങ്ങൾ കൂടുതൽ മെച്ചപ്പെടേണ്ടതുണ്ട്. ഹരിതകർമ്മ സേനാ പ്രവർത്തനങ്ങൾ, എം ജി എൻ അർ ജി എസ് പ്രവർത്തനങ്ങൾ എന്നിവയിൽ ബന്ധപ്പെട്ടവരുടെ കൂടുതൽ ശ്രദ്ധ ഉണ്ടാകേണ്ടതുണ്ട്.
മേൽ പരാമർശ വിഷയങ്ങൾ സംബന്ധമായ വിശദാംശങ്ങൾ ഖണ്ഡികകളായി ചുവടെ പരാമർശിച്ചിരിക്കുന്നു. വിഷയങ്ങളിലേക്ക് ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികളുടേയും പഞ്ചായത്ത് ഭരണസമിതിയുടേയും ശ്രദ്ധ ക്ഷണിക്കുന്നു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 23-11-2022 | 7/2022 മുതൽ 9/2022 വരെ | |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 19.4.2017 മുതൽ 2.5.2017 വരെ | 2012-13 മുതൽ 2016-17 വരെ | 16.06.2017 |

## 1-11 കുറഞ്ഞ നിരക്കിൽ വസ്തുനികുതി നിർണ്ണയിച്ചു

തുടയന്നൂർ സർവ്വീസ് സഹകരണ ബാങ്കിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിന് കെട്ടിട നമ്പർ ലഭിക്കുന്നതിനായി സമർപ്പിച്ച കംപ്ലീഷൻ പ്ലാൻ പ്രകാരം വാർഡ് നമ്പർ 16 ൽ കെട്ടിട നമ്പർ 818 ആയി വസ്തുനികുതി നിർണ്ണയിച്ചു. ഈ കെട്ടിടത്തിന് ഓഫീസ് ഉപയോഗക്രമത്തിൽ എന്ന ഗണത്തിൽ ഉൾപ്പെടുത്തി ചതുരശ്ര മീറ്ററിന് 40/-രൂപ നിരക്കിലാണ് വസ്തു നികുതി നിർണ്ണയിച്ചത്. കെട്ടിടത്തിന്റെ താഴത്തെ നില ഷോപ്പുകൾക്കും മുകൾ നില ബാങ്ക് പ്രവർത്തിക്കുന്നതിനുമെന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടം-2019ലെ ചട്ടം 25(2) ജി- പ്രകാരം ബാങ്കിംഗ് ഉപയോഗക്രമത്തിൽ നിർമ്മിക്കുന്ന കെട്ടിടങ്ങൾ ഗ്രൂപ്പ്-എഫ് (വാണിജ്യം) കാറ്റഗറിയിലാണ് ഉൾപ്പെട്ടിരിക്കുന്നത്. തദ്ദേശ സ്വയംഭരണ (ആർ.ഡി.) വകുപ്പിന്റെ 14-01-11ലെ സർക്കാർ ഉത്തരവ് (അച്ചടി) 19/2011 ത.സ്വ.ഭ.വ. നമ്പർ ഉത്തരവ് അനുസരിച്ച് 100 ച. മീറ്ററിന് മുകളിൽ വിസ്തീർണ്ണമുള്ള വാണിജ്യ വിഭാഗം കെട്ടിടങ്ങൾക്ക് ബാധകമായ നിരക്ക് ചതുരശ്ര മീറ്ററിന് 60/-രൂപയായി ഇട്ടിവ ഗ്രാമപഞ്ചായത്ത് വിജ്ഞാപനം ചെയ്തിട്ടുണ്ട്. അതുപ്രകാരം മേൽ പറഞ്ഞ കെട്ടിടത്തിന് നിർണ്ണയിക്കേണ്ടിയിരുന്ന വസ്തുനികുതിയുടെ വിശദവിവരം ചുവടെ ചേർക്കുന്നു.

| നിർണ്ണയിച്ച വസ്തുനികുതി | | | | | നിർണ്ണയിക്കേണ്ടിയിരുന്ന വസ്തുനികുതി | | | | |
|---|---|---|---|---|---|---|---|---|---|
| വാർഡ് നമ്പർ/കെട്ടിട നമ്പർ | ഉടമയുടെ പേര് | വിസ്തീർണ്ണം (ച.മീ.) | ഉപയോഗ ക്രമം/നിരക്ക് | നിശ്ചയിച്ച വസ്തുനികുതി 20% വർദ്ധനവ് (₹) | വിസ്തീർണ്ണം (ച.മീ.) | ഉപയോഗ ക്രമം | നിരക്ക് | നിർണ്ണയിക്കേണ്ടിയിരുന്ന വസ്തുനികുതി (₹) | വ്യത്യാസം |
| 16/818 | പ്രസിഡന്റ്/സെക്രട്ടറി, തുടയന്നൂർ സർവ്വീസ് സഹകരണ ബാങ്ക് | 300.59 | ഓഫീസ് ഉപയോഗം നിരക്ക്-40/-രൂപ | 12023.6+ 2404.7= 14,429/- | 300.59 | വാണിജ്യം | 60രൂപ/ച.മീറ്റർ | 18035+ 3607= 21,642/- | 7,213/- |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്, "ഓഡിറ്റ് ചൂണ്ടിക്കാട്ടിയ പ്രകാരം വസ്തുനികുതി പുനർ നിർണ്ണയിച്ച് കുടിശ്ശിക സഹിതം ഈടാക്കുന്നതിന് നടപടി സ്വീകരിച്ചതായി" മറുപടി ലഭ്യമാക്കി. വസ്തുനികുതി പുനർ നിർണ്ണയിച്ച് കുടിശ്ശിക സഹിതം ഈടാക്കിയ രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. 02/16-11-2023.

## 1-12 5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡിന്റെ വശങ്ങളിൽ സ്ഥിതി ചെയ്യുന്ന കെട്ടിടങ്ങളെ 20 ശതമാനം നികുതി വർദ്ധനവിൽ നിന്നും ഒഴിവാക്കുന്നു.

വസ്തു നികുതി നിർണയവുമായി ബന്ധപ്പെട്ട രേഖകളും, അസസ്സ്മെന്റ് രജിസ്റ്ററും, പരിശോധിച്ചതിൽ 5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡിന്റെ വശങ്ങളിൽ സ്ഥിതി ചെയ്യുന്ന കെട്ടിടങ്ങളെ 1.5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡിന്റെ വശങ്ങളിൽ സ്ഥിതി ചെയ്യുന്ന കെട്ടിടങ്ങളായി രേഖപ്പെടുത്തി 20 ശതമാനം നികുതി വർദ്ധനവിൽ നിന്നും ഒഴിവാക്കിയിരിക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വാർഡ് നമ്പർ | കെട്ടിട നമ്പർ | ഉടമയുടെ പേര് | ച.മീ. | നിരക്ക് (₹) | നിർണ്ണയിച്ച അടിസ്ഥാന വസ്തുനികുതി (₹) | 20 ശതമാനം നികുതി വർദ്ധനവിൽ നിന്നും ഒഴിവാക്കിയതിനാൽ വസ്തുനികുതിയിൽ കുറവുണ്ടായ തുക (₹) |
|---|---|---|---|---|---|---|
| 13 | 831 | ശ്രീ. ഗോപകുമാർ | 111.38 | 60 | 6,682.8 | 1,336/- |

ഓഡിറ്റ് ചൂണ്ടിക്കാട്ടിയ പ്രകാരം വസ്തുനികുതി പുനർ നിർണ്ണയിച്ച് കുടിശ്ശിക സഹിതം ഈടാക്കുന്നതിന് നടപടി സ്വീകരിച്ചതായി എൻക്വയറിയ്ക്ക് (എൻക്വയറി നം. 05/16-11-2023) മറുപടി ലഭ്യമാക്കി. വസ്തുനികുതി പുനർ നിർണ്ണയിച്ച് കുടിശ്ശിക സഹിതം ഈടാക്കിയ രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി നം. 05/16-11-2023.

1-13 ദ്വിതീയ മേഖലയിലെ കെട്ടിടങ്ങളെ തൃതീയമേഖലയിൽ ഉൾപ്പെടുത്തി നികുതി ഇളവ് നൽകുന്നു

വസ്തുനികുതി നിർണയവുമായി ബന്ധപ്പെട്ട രേഖകളും, അസസ്മെന്റ് രജിസ്റ്ററും, പരിശോധിച്ചതിൽ ദ്വിതീയ മേഖലയിലെ കെട്ടിടങ്ങൾ തൃതീയമേഖലയിൽ ഉൾപ്പെടുത്തി 20 ശതമാനം നികുതി ഇളവ് നൽകുന്നു.

തദ്ദേശ സ്വയംഭരണ (ആർ.ഡി) വകുപ്പിന്റെ 14-01-11ലെ സർക്കാർ ഉത്തരവ് (അച്ചടി)19/2011 ത.സ്വ.ഭ.വ. നമ്പർ ഉത്തരവ് പ്രകാരം പഞ്ചായത്ത് പ്രദേശത്തെ പ്രഥമ, ദ്വീതീയ, തൃതീയ മേഖലകളാക്കി തിരിച്ച് നികുതി നിർണ്ണയിക്കേണ്ടതും പ്രഥമിക മേഖലയിലെ കെട്ടിടങ്ങൾക്ക് നികുതിയിളവോ വർദ്ധനവോ ഇല്ലായെന്നും, ദ്വീതീയ മേഖലയിലെ കെട്ടിടങ്ങൾക്ക് 10 ശതമാനം നികുതിയിളവും, തൃതീയമേഖലയിലെ കെട്ടിടങ്ങൾക്ക് 20 ശതമാനം നികുതിയിളവും അനുവദിക്കണമെന്നുമാണ്. മേൽ ഉത്തരവ് പ്രകാരം പഞ്ചായത്ത് പ്രദേശത്തെ പ്രഥമ, ദ്വീതീയ, തൃതീയ മേഖലകളാക്കി തിരിച്ച് പഞ്ചായത്ത് വിജ്ഞാപനം ചെയ്തിട്ടുണ്ട്. പഞ്ചായത്ത് വിജ്ഞാപനപ്രകാരം ദ്വീതീയ മേഖലയിൽ ഉൾപ്പെടുന്ന സ്ഥലത്ത് നിർമ്മിച്ച കെട്ടിടങ്ങൾക്കും തൃതീയ മേഖലയിലാണ് സ്ഥിതി ചെയ്യുന്നതെന്ന് രേഖപ്പെടുത്തി നികുതിയിളവ് നൽകുന്നതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വാർഡ് നമ്പർ | കെട്ടിട നമ്പർ | ഉടമയുടെ പേര് (ശ്രീ./ ശ്രീമതി) | വിസ്തീർണ്ണം (ച.മീറ്റർ) | ഉപയോഗ ക്രമം | നിരക്ക് (₹/ച.മീറ്റർ) | നിർണ്ണയിച്ച അടിസ്ഥാന വസ്തുനികുതി (₹) | ദ്വിതീയമേഖല അടിസ്ഥാനത്തിൽ 10 % നിരക്കിൽ വസ്തുനികുതിയിൽ കുറവ് വരുത്തേണ്ടിയിരുന്ന തുക (₹) | തൃതീയമേഖല അടിസ്ഥാനത്തിൽ 20 % നിരക്കിൽ വസ്തുനികുതിയിൽ കുറവുണ്ടായ തുക (₹) |
|---|---|---|---|---|---|---|---|---|
| 12 | 843 | രാജു | 141.01 | പാർപ്പിടം | 5/- | 705/- | 70/- | 140/- |
| 10 | 772 | സുധാമണി | 85 | പാർപ്പിടം | 5/- | 445/- | 44/- | 88/- |
| 12 | 853 | സുനിൽ കുമാർ | 189 | പാർപ്പിടം | 5/- | 976/- | 97/- | 194/- |
| 21 | 784 | നജീം | 145.3 | പാർപ്പിടം | 5/- | 726/- | 72/- | 144/- |
| 21 | 788 | അനസ് | 142.57 | പാർപ്പിടം | 5/- | 712/- | 71/- | 142/- |

ഓഡിറ്റ് ചൂണ്ടിക്കാട്ടിയ പ്രകാരം പ്രസ്തുത കെട്ടിടങ്ങളുടെ വസ്തുനികുതി പുനർനിർണ്ണയിച്ച് കുടിശ്ശിക സഹിതം ഈടാക്കുന്നതിന് നടപടി സ്വീകരിച്ചതായി എൻക്വയറിയ്ക്ക് (എൻക്വയറി നം. 05/16-11-2023) മറുപടി നൽകിയിട്ടുണ്ട്. വസ്തുനികുതി പുനർ നിർണ്ണയിച്ച് കുടിശ്ശിക സഹിതം ഈടാക്കിയ രേഖകൾ ഉൾപ്പെടുത്തി മറുപടി ലഭ്യമാക്കേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി നം. 05/16-11-2023.

1-14 ലേല കുടിശ്ശിക ഈടാക്കിയില്ല

പഞ്ചായത്തിലെ ലേലം സംബന്ധിച്ച രജിസ്റ്ററുകളും ഫയലുകളും പരിശോധിച്ചതിൽ 2022-23 ൽ ലേലയിനത്തിൽ ചുവടെ ചേർത്തിരിക്കുന്ന വ്യക്തികൾ കുടിശ്ശിക വരുത്തിയതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ലേല ഇനം | ലേലം പിടിച്ച വ്യക്തിയുടെപേര് | ലേലതുക (₹) | അടവാക്കിയ തുക (₹) | കുടിശ്ശിക (₹) |
|---|---|---|---|---|---|
| 1 | മലപ്പേരൂർ മാർക്കറ്റിൽ മാട്ടിറച്ചി സ്റ്റാൾ | ശ്രീ. ഷറഫുദ്ദീൻ | 2,00,000/- | 75,000/- | 1,25,000/- |
| 2 | മഞ്ഞപ്പാറ മാർക്കറ്റിൽ മാട്ടിറച്ചി സ്റ്റാൾ | ശ്രീ. ഷറഫുദ്ദീൻ | 4,00,000/- | 1,86,000/- | 2,14,000/- |
| 3 | മണലുവട്ടം മാർക്കറ്റിൽ | ശ്രീ. മഹേഷ് | 2,00,000/- | 45,000/- | 1,55,000/- |

| | | | | | |
|---|---|---|---|---|---|
| | മാട്ടിറച്ചി സ്റ്റാൾ | | | | |
| 4 | വയ്യാനം മാർക്കറ്റിൽ മാട്ടിറച്ചി സ്റ്റാൾ | ശ്രീ. ഷെഫിൻ | 1,45,000/- | 1,30,000/- | 15,000/- |
| 5 | കോട്ടുക്കൽ മാർക്കറ്റ് ഗേറ്റ് ഫീസ് | ശ്രീ. ഷെഫിൻ | 1,26,500/- | 16,500/- | 1,10,000/- |
| 6 | കീഴ്തോണി മാർക്കറ്റിൽ മാട്ടിറച്ചി സ്റ്റാൾ | ശ്രീ. ഇസ്മായിൽ | 75,000/- | 20,000/- | 55,000/- |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള (എൻക്വയറി നം. 06/16-11-2023) മറുപടിയിൽ ലേല കുടിശ്ശിക വരുത്തിയിട്ടുള്ള വ്യക്തികളിൽ നിന്നും തുക ഈടാക്കുന്നതിനായി നടപടികൾ ആരംഭിച്ചിട്ടുള്ളതായി അറിയിച്ചിട്ടുണ്ട്. ഖണ്ഡികയിൽ പരാമർശിച്ചിട്ടുള്ള വ്യക്തികളിൽ നിന്നും ലേല കുടിശ്ശിക പിഴ പലിശ സഹിതം ഈടാക്കി മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-15 മോട്ടോർ ഫീസ് ഈടാക്കിയില്ല

കേരള പഞ്ചായത്ത് രാജ്-വ്യവസായം/വാണിജ്യം/സംരഭകത്വം മറ്റ് സേവനങ്ങൾക്കുള്ള ചട്ടം-1996ലെ ചട്ടം-18, പട്ടിക-III ൽ വൈദ്യുതികൊണ്ട് പ്രവർത്തിക്കുന്ന യന്ത്രസാമഗ്രികളുടെ കുതിരശക്തിക്ക് ആനുപാതികമായി ഈടാക്കാവുന്ന ഫീസ് പ്രതിപാദിച്ചിട്ടുണ്ട്. എന്നാൽ 2022-23 ലെ ലൈസൻസുമായി ബന്ധപ്പെട്ട അപേക്ഷകളും രജിസ്റ്ററും പരിശോധിച്ചതിൽ, ഈ നിരക്കിൽ പഞ്ചായത്ത് പരിധിയിലുള്ള താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും മോട്ടോർ ഫീസ് ഇനത്തിൽ തുക ഈടാക്കിയിട്ടില്ലായെന്ന് ബോദ്ധ്യപ്പെട്ടു. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപന ഉടമയുടെ പേരും അഡ്രസ്സും | വാണിജ്യ സ്ഥാപനത്തിന്റെ തരം | ഉപയോഗിക്കുന്ന യന്ത്രത്തിന്റെ കുതിരശക്തി |
|---|---|---|---|
| 1. | ശ്രീ. താജുദ്ദീൻ | സിമന്റ് കട്ട നിർമ്മാണം | 10 HP |
| 2. | ശ്രീ. ബിജു എം. കെ. | ക്രഷർ യൂണിറ്റ് | 750 HP |
| 3. | ശ്രീ. ബിജു എം. കെ. | ക്രഷർ യൂണിറ്റ് | 275 HP |
| 4. | ശ്രീമതി. പ്രീയകുമാരി | ചപ്പാത്തി നിർമ്മാണം | 10 HP |
| 5. | ശ്രീ. ഗോപാലകൃഷ്ണപിള്ള | സിമന്റ് കട്ട നിർമ്മാണം | 9.5 HP |
| 6. | ശ്രീ. റെജി | വെൽഡിംഗ് വർക്ക് ഷോപ്പ് പൊടിമില്ല് | 15 HP |
| 7 | ശ്രീ. നിസാമുദ്ദീൻ | വെൽഡിംഗ് വർക്ക് ഷോപ്പ് | 10 HP |
| 8 | ശ്രീ. രാധാകൃഷ്ണപിള്ള | സിമന്റ് കട്ട നിർമ്മാണം | 14 HP |
| 9 | ശ്രീമതി. സഫീലബീവി | കാഷ്യു ഫാക്ടറി | 15 HP |
| 10 | ശ്രീ. രവീന്ദ്രൻ | റൈസ് മില്ല് | 10 HP |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള (എൻക്വയറി നം. 03/16-11-2023) മറുപടിയിൽ മോട്ടോർ ഫീസ് ഈടാക്കുന്നതിനായി നടപടികൾ ആരംഭിച്ചിട്ടുള്ളതായി അറിയിച്ചിട്ടുണ്ട്.

## 1-16 ജി.എസ്.റ്റി. ഈടാക്കിയില്ല

ലേലം രജിസ്റ്ററുകളും ഫയലുകളും പരിശോധിച്ചതിൽ 2022-23 ൽ മാർക്കറ്റ് ഗേറ്റ് ഫീസ് പിരിക്കുന്നതിനുള്ള അവകാശം ലേലം പിടിച്ച ചുവടെ ചേർത്തിരിക്കുന്ന വ്യക്തിയിൽ നിന്നും ജി.എസ്.റ്റി. ഈടാക്കി സർക്കാരിലേക്ക് ഒടുക്ക് വരുത്തിയിട്ടില്ല. ചരക്കുസേവനാവകാശ നിയമം 2017 പ്രകാരം പഞ്ചായത്തുകൾ പിരിക്കുന്ന ഗേറ്റ് ഫീസ് ജി.എസ്.റ്റിയുടെ പരിധിയിൽ വരുന്നതും 18% നികുതി ബാധകവുമാണ്. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ലേല ഇനം | ലേലം പിടിച്ച വ്യക്തിയുടെപേര് | ലേലതുക (₹) | ജി.എസ്.റ്റി. (₹) |
|---|---|---|---|---|
| 1 | കോട്ടുക്കൽ മാർക്കറ്റിൽ ഗേറ്റ് ഫീസ് പിരിവ് | ശ്രീ. ഷെഫിൻ, ഷെഫീക്ക് മൻസിൽ, മഞ്ഞപ്പാറ | 1,26,000/- | 22,680/- |

മാർക്കറ്റ് ഗേറ്റ് ഫീസ് പിരിക്കുന്നതിനുള്ള അവകാശം ലേലം പിടിച്ച വ്യക്തിയിൽ നിന്നും ജി.എസ്.റ്റി. ഈടാക്കി സർക്കാരിലേക്ക് ഒടുക്കി രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-17 മരുന്ന് പൂർണ്ണമായും ലഭിച്ചില്ല. 45,861/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

മരുന്ന് വാങ്ങുന്നതിനായി കെ.എം.എസ്.സി.എൽ. ന് 4,95,289/- രൂപ മുൻകൂർ ഒടുക്കിയിട്ടുണ്ടെങ്കിലും നാളിതുവരെ ഇവ പൂർണ്ണമായി ലഭിച്ചില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ | പ്രോജക്റ്റിന്റെ പേര്/ | പണം അടവാക്കിയ | അടച്ച തുക (₹) | ലഭ്യമായ | ലഭിക്കാൻ |
|---|---|---|---|---|---|

| നം. | നമ്പർ/ ബിൽ നമ്പർ | ഏജൻസി/സ്ഥാപനം | | മരുന്നിന്റെ വിവരം (₹) | ബാക്കിയുള്ളത് (₹) |
|---|---|---|---|---|---|
| 1 | സാന്ത്വന ചികിത്സാ പദ്ധതി/ 55/2022-23/19/16.8.22 | KMSCL, തിരുവനന്തപുരം | 3,00,000/- | 2,82,956/- | 17,044/- |
| 2 | പി.എച്ച്.സിയ്ക്ക് മരുന്ന് വാങ്ങൽ, 58/2022-23/31/1.10.2022 | KMSCL, തിരുവനന്തപുരം | 1,95,289/- | 1,66,472/- | 28,817/- |
| | ആകെ | | 4,95,289/- | 4,49,428/- | 45,861/- |

ഈ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 17/18.11.2023) മരുന്ന് എത്തിച്ചേരുന്ന മുറയ്ക്ക് അടുത്ത ഓഡിറ്റിൽ രേഖകൾ ഹാജരാക്കാമെന്നുള്ള മറുപടി ലഭ്യമാക്കി. പാലിയേറ്റീവ് കെയർ പ്രോജക്റ്റിൽ രോഗികൾക്ക് അത്യന്താപേക്ഷിതമായ മരുന്നുകൾ അടിയന്തിരമായി ലഭ്യമാക്കുന്നതിന് ഭരണസമിതിയും നിർവ്വഹണ ഉദ്യോഗസ്ഥനും തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്. കെ.എം.എസ്.സി.എൽ-ൽ നിന്നും ലഭിക്കാൻ ബാക്കിയുള്ള മരുന്നുകളുടെ വിലയായ 45,861/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. പ്രസ്തുത മരുന്നുകൾ ലഭ്യമാക്കി രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. : 17/18.11.2023.

തടസ്സപ്പെടുത്തിയ തുക : 45,861/-രൂപ.

## 1-18 പഞ്ചായത്ത് ലൈബ്രറിയുടെ പ്രവർത്തനം കാര്യക്ഷമമല്ല.

ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ ഗാന്ധി സ്മാരക സാംസ്കാരിക നിലയം എന്ന പേരിൽ പ്രവർത്തിക്കുന്ന ഗ്രന്ഥശാലയിൽ നിന്നും പുസ്തകങ്ങൾ വിതരണം ചെയ്യുന്നുണ്ടെങ്കിലും തൻവർഷം ലൈബ്രറിയിൽ നിന്നും യാതൊരു വരവും ഉണ്ടായിട്ടില്ല. മാസവരി പിരിക്കുന്നതിനായി പഞ്ചായത്തിൽ നിന്നും രസീത് വിതരണം ചെയ്തിട്ടുണ്ട്. മാസവരി, അംഗത്വ ഫീസ്, അംഗത്വ പുനസ്ഥാപന ഫീസ് എന്നിവയുടെ പഞ്ചായത്ത് അംഗീകരിച്ച നിരക്കിന്റെ വിവരം ലഭ്യമാക്കിയില്ല. ലൈബ്രറിക്ക് അവയുടെ പ്രവർത്തനം സംബന്ധിച്ച അംഗീകൃത ബൈലോ ഇല്ല. ഗ്രന്ഥങ്ങളുടെ സ്റ്റോക്ക് രജിസ്റ്റർ പ്രകാരം (ഇവയുടെ പ്രവർത്തനം തുടങ്ങിയ കാലയളവായ 1989 മുതൽ) ആകെ 3406 പുസ്തകങ്ങൾ ഉണ്ടെങ്കിലും അവയിൽ പലതും കാലപഴക്കത്താൽ നാശോന്മുഖമാണ്. 2014 മാർച്ചിലാണ് ലൈബ്രറിയിലേക്ക് അവസാനമായി ഗ്രന്ഥങ്ങൾ വാങ്ങിയിട്ടുള്ളത്. ലൈബ്രറിയുടെ നടത്തിപ്പിനായി ഒരു സ്ഥിരം പാർട്ട് ടൈം ലൈബ്രേറിയനെ നിയമിച്ച് വേതനം (പ്രതിമാസം 21,678/-) നൽകുന്നുണ്ട്.

ഗ്രന്ഥങ്ങളുടെ വിതരണ രജിസ്റ്റർ പ്രകാരം തൻവർഷം വിതരണം ചെയ്ത പുസ്തകങ്ങൾ നാളിതുവരെയും ലൈബ്രറിയിൽ തിരികെ ലഭിച്ചിട്ടില്ല. തിരികെ ലഭിക്കാനുള്ള പുസ്തകങ്ങളുടെ വിവരം ചുവടെ കൊടുക്കുന്നു.

| വിതരണ തീയതി | ബുക്ക് നം | ബുക്ക് | കൈപ്പറ്റിയ വ്യക്തി |
|---|---|---|---|
| 12.11.2022 | 3105 | റെഡ് ബുക്ക് | ശ്രീ. അനന്തൻ |
| 12.11.2022 | 2697 | കർമ്മാന്തം | ശ്രീ. അനന്തൻ |
| 15.3.2022 | 2337 | യോഗാഭ്യാസവും യോഗചികിത്സയും | ശ്രീ. രാജേഷ് |

ഈ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 1/15.11.2022) ലൈബ്രറിക്ക് നിലവിൽ ബൈലോ ഇല്ലെന്നും, മാസവരി ഒരു രൂപയും അംഗത്വ ഫീസ് 15 രൂപയുമാണ് നിലവിൽ ഈടാക്കുന്നതെന്നും ലൈബ്രറിയുടെ നേതൃത്വത്തിലല്ലെങ്കിലും ഗ്രാമപഞ്ചായത്തിന്റെ പല സാമൂഹ്യ സാംസ്കാരിക പരിപാടികളും ലൈബ്രറിയുമായി ബന്ധപ്പെട്ട് നടത്തുന്നുണ്ടെന്നും ബൈലോ തയ്യാറാക്കി ലൈബ്രറി കൗൺസിലിന്റെ അംഗീകാരം നേടാനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നുമുള്ള മറുപടി സെക്രട്ടറി ലഭ്യമാക്കി.

ലൈബ്രറിക്ക് ഒരു ബൈലോ തയ്യാറാക്കി ആയത് പ്രകാരമുള്ള പ്രവർത്തനങ്ങൾ നടത്തുന്നതിനും കൃത്യമായി മാസവരി പിരിച്ചും വിതരണം ചെയ്യുന്ന പുസ്തകങ്ങൾ തിരികെ ലഭ്യമാക്കുന്നുണ്ടെന്ന് ഉറപ്പാക്കുന്നതിനും പുതിയ അംഗങ്ങൾ ഉണ്ടാകുന്ന രീതിയിൽ ലൈബ്രറിയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മിറ്റി നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-19 തെരുവുവിളക്ക് പരിപാലനം -അപാകതകൾ

പൊതുനിരത്തുകളിൽ തെരുവ് വിളക്കുകൾ സ്ഥാപിക്കലും, അവയുടെ പരിപാലനവും 1994-ലെ പഞ്ചായത്ത് രാജ് നിയമത്തിലെ ഒന്നാം പട്ടിക പ്രകാരം ഗ്രാമപ്പഞ്ചായത്തുകളുടെ അനിവാര്യ ചുമതലയാണ്. പ്രസ്തുത നിയമത്തിന്റെ അടിസ്ഥാനത്തിൽ തെരുവുവിളക്ക് പരിപാലനത്തിനും, പുതിയ പോസ്റ്റുകളിൽ എൽ.ഇ.ഡി.ബൾബുകളും അനുബന്ധ ഉപകരണങ്ങളും സ്ഥാപിക്കുന്നതിനും സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി ചുവടെ പറയും പ്രകാരം പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്.

| ക്രമ നമ്പർ | പ്രോജക്റ്റിന്റെ പേര്/നമ്പർ | വകയിരുത്തിയ തുക (₹) | ചെലവഴിച്ച തുക (₹) | ബിൽ നമ്പർ/വൗച്ചർ നമ്പർ |
|---|---|---|---|---|
| 1. | സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ് 206/23 | 7,00,000/- വികസന ഫണ്ട് ജനറൽ | 5,87,460/- | 20/22-12-22 (₹375060/-) 26/2-2-23, (₹212400/-) |

| | | | | |
|---|---|---|---|---|
| 2. | സ്ട്രീറ്റ് ലൈറ്റ് സ്ഥാപിയ്ക്കൽ 285/23 | 6,06,270/- വികസന ഫണ്ട് ജനറൽ | 6,06,005/- | 34/28.3.23, (₹317431/-) 33/28.3.23, (₹288574/-) |

വികസന ഫണ്ടിൽ നിന്നും ഗണ്യമായ തുക തെരുവു വിളക്ക് പരിപാലനത്തിനായി ചെലവഴിക്കുമ്പോഴും പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകളിലും, പഞ്ചായത്ത് ഡയറക്ടറുടെ ജി2-44274/2015 തീയതി 17.08.2015 നമ്പർ ഉത്തരവിലും നിഷ്കർഷിച്ചിട്ടുള്ള നടപടികൾ പൂർണ്ണമായും പാലിക്കുന്നതിൽ വീഴ്ച വരുത്തുന്നു. വിശദ വിവരം ചുവടെ ചേർക്കുന്നു.

തെരുവുവിളക്കുകൾ സംബന്ധിച്ചുള്ള പരാതികൾ രേഖപ്പെടുത്തുന്നതിന് പരാതി രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കേണ്ടതും പരിഹരിച്ച പരാതിയുടെ വിവരം നോഡൽ ഓഫീസർ സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. എന്നാൽ ഇപ്രകാരമുള്ള രജിസ്റ്റർ പഞ്ചായത്തിൽ പരിപാലിക്കുന്നില്ല.

കെ.എസ്.ഇ.ബി. ഉദ്യോഗസ്ഥരുടെ സാന്നിദ്ധ്യത്തിലാണ് അറ്റകുറ്റപണികൾ നടത്തേണ്ടതെങ്കിലും പ്രസ്തുത ഉദ്യോഗസ്ഥരുടെ സാക്ഷ്യപ്പെടുത്തലുകൾ ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല.

വാർഡ് മെമ്പർ ചെയർമാനായി കെ.എസ്.ഇ.ബി. ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി മോണിട്ടറിംഗ് കമ്മറ്റി രൂപീകരിക്കേണ്ടതും കമ്മറ്റി വാർഡ്തല പരിശോധന നടത്തി പുരോഗതി വിലയിരുത്തേണ്ടതുമാണ്. എന്നാൽ ഇപ്രകാരമുള്ള മോണിട്ടറിംഗ് സമിതി രൂപീകരിച്ചിട്ടില്ല.

സ്റ്റോക്ക് രജിസ്റ്ററിൽ വർഷാന്ത്യ സാക്ഷ്യപ്പെടുത്തൽ നടത്തിയിട്ടില്ല.

സർക്കാർ ഉത്തരവിൽ നിഷ്കർഷിച്ചിട്ടുള്ള മാതൃകയിലുള്ള മെയിന്റനൻസ് രജിസ്റ്റർ, രജിസ്റ്റർ ഓഫ് അൺസർവ്വീസബിൾ ഐറ്റംസ് എന്നിവ സൂക്ഷിക്കുന്നില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് തെരുവ് വിളക്ക് രജിസ്റ്റർ, രജിസ്റ്റർ ഓഫ് അൺ സർവ്വീസബിൾ ഐറ്റംസ് എന്നിവ എഴുതി സൂക്ഷിക്കുന്നതാണെന്നും ഓഡിറ്റിൽ ചൂണ്ടിക്കാണിച്ചിട്ടുള്ള അപാകതകൾ പരിഹരിക്കുന്നതാണ് എന്നും മറുപടി ലഭ്യമാക്കി.

ഗ്രാമപഞ്ചായത്തിൽ നിന്നും വിതരണം ചെയ്യുന്ന തെരുവ് വിളക്കുകളും അനുബന്ധ ഉപകരണങ്ങളും ഫലപ്രദമായി ഉപയോഗിക്കുകയും തെരുവ് വിളക്ക് പരിപാലനം സർക്കാർ നിർദ്ദേശങ്ങൾ പാലിച്ച് കുറ്റമറ്റ രീതിയിൽ നടപ്പാക്കുകയും ചെയ്യേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. : 11/17-11-23.

### 1-20 പകൽ വീട് പദ്ധതി - കരാർ ജീവനക്കാർക്ക് ഉയർന്ന നിരക്കിൽ വേതനം നൽകി

പകൽ വീട് പദ്ധതിയിൽ കരാറടിസ്ഥാനത്തിൽ നിയമിച്ചിട്ടുള്ള കെയർ ഗിവർക്ക് സബ്സിഡി മാർഗ്ഗരേഖ പ്രകാരം അനുവദനീയമായതിനേക്കാൾ ഉയർന്ന നിരക്കിൽ വേതനം അനുവദിച്ചു. സബ്സിഡി മാർഗ്ഗരേഖ സ.ഉ.(കൈ) നം. 115/2022 തസ്വഭവ തീയതി 28.5.22ഖ.7.1.14 പ്രകാരം പകൽവീട് നടത്തിപ്പിന് അനുയോജ്യമായ തരത്തിൽ ജീവനക്കാരെ കരാർ അടിസ്ഥാനത്തിൽ നിയോഗിക്കാവുന്നതും പ്രതിമാസം 7,000/- രൂപയിൽ അധികമാകാതെ വേതനം നൽകാവുന്നതുമാണ്. എന്നാൽ ഈ നിർദ്ദേശത്തിന് വിരുദ്ധമായി 2 കെയർ ഗിവർമാർക്ക് (1. ശ്രീമതി. വനജ വി.ആർ, 2. ശ്രീമതി. മുഹ്സിന.എസ്. എസ്.) പ്രതിമാസം 14,000/- രൂപ നിരക്കിൽ വേതനം അനുവദിച്ചിട്ടുണ്ട്. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| നിർവഹണോദ്യോഗസ്ഥൻ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ |
| പദ്ധതി, നം. | പകൽ വീട് പദ്ധതി (144/23) |
| അടങ്കൽ തുക | ₹9,25,000/-<br>(₹4,00,000/- വികസനഫണ്ട്-ജനറൽ,<br>₹5,25,000/- ബ്ലോക്ക് പഞ്ചായത്ത് വിഹിതം) |
| ചെലവ് | ₹3,97,382/- വികസനഫണ്ട്-ജനറൽ,<br>₹4,42,622/-ബ്ലോക്ക് പഞ്ചായത്ത് വിഹിതം |

ബിൽ, ചെലവ് വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ബിൽ നമ്പർ, തീയതി | മാസം | നൽകിയ തുക (₹) | നൽകാവുന്നത് (₹) | അധികം നൽകിയത് (₹) |
|---|---|---|---|---|
| 2/15.6.22 | 4/22,5/22 | വനജ, മുഹ്സിന 56,000/- | 28,000/- | 28,000/- |
| 5/14.7.22 | 6/22 | വനജ, മുഹ്സിന 28,000/- | 14,000/- | 14,000/- |

| | | | | |
|---|---|---|---|---|
| 7/11.8.22 | 7/22 | വനജ,മുഹ്സിന 28,000/- | 14,000/- | 14,000/- |
| 14/1.9.22 | 8/22 | വനജ, മുഹ്സിന 28,000/- | 14,000/- | 14,000/- |
| 16/11.10.22 | 9/22 | വനജ, മുഹ്സിന 28,000/- | 14,000/- | 14,000/- |
| 24/8.12.22 | 10/22,11/22 | വനജ-28,000/- | 14,000/- | 14,000/- |
| 24/8.12.22 | 10/22 | മുഹ്സിന (14 Days) 6,322/- | 3,161/- | 3,161/- |
| 33/25.1.23 | 12/22 | വനജ-14,000/- | 7,000/- | 7,000/- |
| 39/14.2.23 | 1/23 | വനജ-14,000/- | 7,000/- | 7,000/- |
| 46/8-3-23 | 2/23, | വനജ, മുഹ്സിന 28,000/- | 14,000/- | 14,000/- |
| 55/31-3-23 | 3/23 | വനജ, മുഹ്സിന 28,000/- | 14,000/- | 14,000/- |
| ആകെ | | | | 1,43,161/- |

അധിക വേതനം നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് സാമൂഹ്യ നീതി വകുപ്പ് ഡയറക്ടറുടെ ധനകാര്യ വിശകലനത്തിൽ കെയർ ഗിവർക്ക് 14,000/- രൂപ ഉൾപ്പെടുത്തിയിട്ടുള്ളതിനാലും, മറ്റ് ഫണ്ടുകൾ സാമൂഹിക നീതി വകുപ്പിൽ നിന്ന് ലഭ്യമല്ലാത്ത സാഹചര്യത്തിലും ആണ് പ്രസ്തുത നിരക്കിൽ വേതനം അനുവദിച്ചിട്ടുള്ളത് എന്ന് മറുപടി ലഭ്യമാക്കി.

കൂടാതെ 2023 ഏപ്രിൽ മാസം മുതൽ 7,000/- രൂപ വീതം മാത്രമാണ് നൽകുന്നത് എന്നും, 12-7-2023 ലെ 3(1) നമ്പർ കമ്മിറ്റി തീരുമാന പ്രകാരം ജില്ലാ സാമൂഹിക നീതി ഓഫീസർക്ക് ഇട്ടിവ ഗ്രാമപഞ്ചായത്തിലെ രണ്ട് പകൽ വീടുകൾ കൂടി സായംപ്രഭാ പദ്ധതിയിൽ ഉൾപ്പെടുത്തി നൽകുന്നതിനായി കത്ത് നൽകിയിട്ടുണ്ട് എന്നും മറുപടി ലഭ്യമാക്കി. സബ്സിഡി മാർഗ്ഗരേഖ പ്രകാരം 2022-23 ൽ അനുവദനീയമായ നിരക്കിൽ നിന്നും കൂടുതലായി ചെലവഴിച്ച 1,43,161/- രൂപയുടെ ചെലവ് അംഗീകരിക്കുന്നില്ല. തുക തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നമ്പർ – 15/17-11-23.

നിരാകരിച്ച തുക - 1,43,161-രൂപ.

1-21 വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല. 33,66,866/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി 2022-23 ൽ നടപ്പിലാക്കിയ താഴെ കൊടുത്തിട്ടുള്ള പ്രോജക്ടുകളുടെ വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

| ക്രമ നം. | പ്രോജക്ട് | തുക സ്വീകരിച്ച സ്ഥാപനം | അടവാക്കിയ തുക (₹) | ബിൽ നം, തീയതി |
|---|---|---|---|---|
| 1 | വിവിധ വാർഡുകളിൽ സ്ട്രീറ്റ് മെയിൻ എക്സ്റ്റൻഷൻ (34/23) | കെ.എസ്.ഇ.ബി. | 26,97,256/- | ACR ബിൽ നം. 185/3-12-21 |
| 2 | അംങ്കണവാടികൾക്ക് ബോർവെൽ 80/23 | ഭൂജല വകുപ്പ് | 6,69,610/- | 311/4-2-23 |
| | | ആകെ | 33,66,866/- | |

വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ലാത്തതിനാൽ ചെലവഴിച്ച 33,66,866/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം-12/17-11-23

1-22 പൊതു ടാപ്പുകളുടെ വെള്ളക്കരം ഒടുക്കൽ - സംയുക്ത പരിശോധന നടത്തിയില്ല.

പൊതു ടാപ്പുകളുടെ വെള്ളക്കരമിനത്തിൽ എല്ലാ മാസവും 39,069/- രൂപ വാട്ടർ അതോറിറ്റിയിൽ ഒടുക്കിവരുന്നുണ്ട്. ലഭ്യമാക്കിയ രേഖകൾ പ്രകാരം ടാപ്പൊന്നിന് 5,788/-രൂപ പ്രകാരം 81 ടാപ്പുകളുടെ വെള്ളക്കരമിനത്തിലുള്ള തുകയാണ് അടയ്ക്കുന്നത്. ടാപ്പുകൾ നിലവിൽ പ്രവർത്തനക്ഷമമാണെന്നതു സംബന്ധിച്ച് പഞ്ചായത്തും വാട്ടർ അതോറിറ്റിയും സംയുക്ത പരിശോധന നടത്തിയതിന്റെ രേഖകൾ ഹാജരാക്കുന്നതിന് നൽകിയ എൻക്വയറിക്ക് വെള്ളക്കരം നിരക്ക് കൂടിയ സാഹചര്യത്തിൽ നിലവിലുള്ള പൊതുടാപ്പുകളിൽ ഏതൊക്കെ മേഖലകളിൽ എത്ര എണ്ണം ഒഴിവാക്കണമെന്ന് ഭരണസിതി

യോഗത്തിൽ ചർച്ച ചെയ്ത് ആയത് ഒഴിവാക്കുന്നതിന് വാട്ടർ അതോറിറ്റിയ്ക്ക് കത്ത് നൽകുമെന്ന് മറുപടി ലഭ്യമാക്കി. ഓരോ വാർഡിലേയും പൊതുടാപ്പുകളുടെ എണ്ണം സംബന്ധിച്ച വിവരങ്ങൾ ഉൾപ്പെടുത്തിയ രജിസ്റ്റർ സൂക്ഷിക്കേണ്ടതും സംയുക്ത പരിശോധന നടത്തി പ്രവർത്തനക്ഷമമായ ടാപ്പുകൾക്ക് മാത്രം വെള്ളക്കരം ഒടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

ഓഡിറ്റ് എൻക്വയറി നം. – 13/17-11-23.

1-23 മഴക്കാലപൂർവ്വ ശുചീകരണം- അനുവദിച്ച തുക ചെലവ് ചെയ്തില്ല.

മഴക്കാലപൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾക്കായി തനത് ഫണ്ടിൽ നിന്നും 2,10,000/-രൂപ 325665/30.3.2013 ചെക്ക് പ്രകാരം മെഡിക്കൽ ഓഫീസർക്ക് നൽകി. വാർഡൊന്നിന് 10,000/- രൂപ വീതം 21 വാർഡിലേക്ക് ശുചീകരണ പ്രവർത്തനങ്ങൾക്ക് തുക അനുവദിച്ചു. 21 വാർഡിലെയും സാനിട്ടേഷൻ സമിതിയിലെ കൺവീനർമാർക്ക് തുക നൽകിയിട്ടുണ്ടെങ്കിലും നാളിതുവരെയും ഈ തുക ചെലവഴിച്ചിട്ടില്ല.

ഈ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 16/17.11.2013) തുകയുടെ വിനിയോഗം ആരംഭിച്ചിട്ടില്ലെന്നും കൺവീനർമാരുടെ അക്കൗണ്ടിൽ തുക നിലനിൽക്കുന്നുണ്ടെന്നും മറുപടി ലഭ്യമാക്കി.

തുടർന്നുള്ള കാലയളവിലെ മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾക്കായി പ്രസ്തുത തുക വിനിയോഗിച്ച് വിവരം അറിയിക്കേണ്ടതാണ്.

1-24 മരാമത്ത് പ്രവൃത്തി : മണ്ണുനിറയ്ക്കൽ – 'കൺസോളിഡേഷൻ' കുറവ് വരുത്താത്തതുമൂലം അധിക ചെലവ്

പ്രോജക്ട് നം. SO 88/23 (കൊടിയിൽഭാഗം പെരുമാല റോഡിൽ കലുങ്കും പാർശ്വഭിത്തിയും നിർമ്മാണം) എന്ന പ്രവൃത്തിയിൽ കരാറുകാരന്റെ സ്വന്തം മണ്ണുനിറയ്ക്കൽ.... (Od 1477792/2021-22) എന്ന ഇനം പ്രവൃത്തിക്ക് സി.പി.ഡബ്ല്യു.ഡി. സ്പെസിഫിക്കേഷൻ 2019 ഖണ്ഡിക 2.11.5 ൽ പരാമർശിക്കുന്ന 10% കൺസോളിഡേഷൻ കുറവ് വരുത്താത്തത് മൂലം 5,280/-രൂപയുടെ (4714+4714 X 12%) അധിക ചെലവുണ്ടായി. വിശദ വിവരങ്ങൾക്ക് ഖണ്ഡിക നം. 3-1 കാണുക.
Audit Enquiry No.8/17.11.23.

1-25 ഹരിതകർമസേന – പ്രവർത്തന അവലോകനം

21 വാർഡുകളിലായി 11435 കുടുംബങ്ങളും 634 സ്ഥാപനങ്ങളുമുള്ളതായി രേഖകൾ വ്യക്തമാക്കുന്നു. ആകെ ജനസംഖ്യ 36172 (2011 കാനേഷുമാരി വിവരങ്ങൾ). ഗ്രാമപഞ്ചായത്തിൽ നിലവിൽ 42 അംഗങ്ങൾ ഉൾപ്പെടുന്ന ഹരിതകർമ്മസേന, വാർഡുകളിലെ ഭവനങ്ങളിൽനിന്നും സ്ഥാപനങ്ങളിൽ നിന്നും എല്ലാ മാസവും 15 മുതൽ 30 വരെയുള്ള തീയതികളിൽ അജൈവ മാലിന്യങ്ങൾ ശേഖരിക്കാൻ കലണ്ടർ പ്രകാരം പ്രവർതേതനം നടത്തുന്നു. 'ഹരിതമിത്രം' ആപ്പിലേക്ക് ഉൾപ്പെടുത്തുന്നതിനായി എല്ലാ ഭവനങ്ങളിലും സ്ഥാപനങ്ങളിലും ക്യൂ.ആർ. കോഡ് പതിച്ചുവെങ്കിലും പദ്ധതി പൂർണ്ണഅർത്ഥത്തിൽ വിജയകരമായിട്ടില്ല. ശേഖരിക്കുന്ന മാലിന്യങ്ങൾ തരംതിരിച്ച് ക്ലീൻ കേരള കമ്പനി എന്ന സർക്കാർ ഏജൻസിക്കാണ് കൈമാറുന്നത്. ലെഗസി മാലിന്യങ്ങൾ സമയബന്ധിതമായി നീക്കം ചെയ്യാൻ കഴിയുന്നില്ല. പഞ്ചായത്തിന് വയ്യാനം, കാട്ടാമ്പള്ളി എന്നീ വാർഡുകളിലായി രണ്ട് MCF കൾ ആണുള്ളത്.

യൂസർഫീ ഇനത്തിലും അജൈവ മാലിന്യങ്ങൾ തരംതിരിച്ച് കൈമാറുന്നതിലൂടെയും ലഭ്യമാകുന്ന തുക നിക്ഷേപിക്കുന്നതിന് കൺസോഷ്യം പ്രസിഡന്റ്, സെക്രട്ടറി എന്നിവരുടെ പേരിൽ ഇന്ത്യൻ ബാങ്ക്, ഇട്ടിവ ശാഖയിൽ അക്കൗണ്ട് ആരംഭിച്ചിട്ടുണ്ട്. നിക്ഷേപിക്കപ്പെടുന്നതിൽ 10% അക്കൗണ്ടിൽ നില നിർത്തിയശേഷമുള്ള തുക പ്രതിമാസം, ഓരോ അംഗത്തിനും അയാളുടെ കളക്ഷന്റെ അടിസ്ഥാനത്തിൽ അക്കൗണ്ട് വഴി വിതരണം നടത്തുന്നു. പ്രതിമാസം ഹരിത കർമ്മസേനാംഗങ്ങൾക്ക് 10,000/- രൂപ ശരാശരി വേതനം ലഭിക്കുന്നു. 14,000/- രൂപയിലധികം വേതനം കൈപ്പറ്റിയവരും ഉണ്ട്. കൺസോഷ്യം അക്കൗണ്ടിൽ ശേഷിക്കുന്ന തുക എല്ലാ വർഷവും ഓണത്തിന് ബോണസ് ഇനത്തിൽ, പ്രവർത്തനമേന്മ കൂടി കണക്കിലെടുത്ത്, സേനാംഗങ്ങൾക്ക് വീതിച്ച നൽകുന്നു.

ഹരിതകർമ്മസേനയുടെ പ്രവർത്തനം സൂക്ഷ്മതലത്തിൽ നിരീക്ഷിക്കുന്നതിനായി ജനപ്രതിനിധികൾ, നോഡൽ ഓഫീസർ (അസി. സെക്രട്ടറി), നിർവ്വഹണ ഉദ്യോഗസ്ഥൻ (VEO), ഹരിത സഹായ സ്ഥാപന പ്രതിനിധി, എന്നിവരടങ്ങുന്ന സമിതി രൂപീകരിക്കപ്പെട്ടിട്ടുണ്ടെങ്കിലും സമിതിയുടെ പ്രവർത്തനങ്ങളും ഇടപെടലുകളും കാര്യക്ഷമമല്ല.




2022-23 ൽ കൃത്യമായ ഇടവേളകളിൽ പരിശോധന, ബോധവൽക്കരണം, പിഴ ചുമത്തൽ എന്നീ പ്രവർത്തനങ്ങൾ നടന്നതായി രേഖയില്ല. എന്നാൽ നാളിതുവരെ (18.11.23) ചട്ടലംഘനത്തിന് 5 വ്യക്തികളിൽ നിന്നായി 35,000/-രൂപ പിഴ ഈടാക്കിയിട്ടുള്ളതായി വി.ഇ.ഒ. അറിയിച്ചു. സേനയുടെ പ്രവർത്തനക്ഷമത വർദ്ധിപ്പിക്കുന്നതിനായി സേനാംഗങ്ങൾക്ക് യൂണിഫോം, തൊപ്പി, ഗ്ലൗസ്, തിരിച്ചറിയൽ കാർഡ് തുടങ്ങിയ സുരക്ഷാ ഉപകരണങ്ങൾ പഞ്ചായത്ത് വാങ്ങി നൽകിയിട്ടുണ്ട്. സ്മാർട്ട് ഗാർബേജ് ആപ്പ് നടപ്പിലാക്കിയതിന്റെ ഭാഗമായി എല്ലാ ഭവനങ്ങളിലും ക്യു.ആർ. കോഡ് പതിച്ച് യൂസർഫീ കളക്ട് ചെയ്യുന്ന എന്ന് ഉറപ്പുവരുത്താൻ ശ്രമിക്കുന്നുണ്ട്. എല്ലാ വാർഡുകളിലും മിനി എം.സി.എഫ്. സ്ഥാപിച്ചിട്ടുണ്ട്. 19,80,000/-രൂപ ചെലവിൽ 4 ഇലക്ട്രിക് മുച്ചക്ര വാഹനങ്ങൾ വാങ്ങുകയും, ഇവ ഡ്രൈവ് ചെയ്യുന്നതിനായി 4 തൊഴിലാളികൾ ഡ്രൈവിങ് ലൈസൻസ് നേടുകയും ചെയ്തുവെങ്കിലും വാഹനങ്ങൾ പ്രയോഗക്ഷമമല്ലാതായത് മാലിന്യ നീക്കത്തെ പ്രതികൂലമായി ബാധിക്കുന്നു. ഭൂമിശാസ്ത്ര സവിശേഷതകളുടെ അടിസ്ഥാനത്തിൽ, വാങ്ങാൻ പോകുന്ന വാഹനങ്ങളുടെ കാര്യക്ഷമത സംബന്ധമായി സാങ്കേതിക വിദഗ്ധരുടെ അഭിപ്രായം തേടാതെ 4 വാഹനങ്ങൾ ഒരുമിച്ച് വാങ്ങിയത് ബന്ധപ്പെട്ടവരുടെ ഭാഗത്തുനിന്നുണ്ടായ ആസൂത്രണപ്പിഴവും ഗുരുതരമായ വീഴ്ചയുമാണ്. ഹരിത കർമ്മസേനാ പ്രവർത്തനങ്ങൾക്ക് പ്രതിബന്ധമായി നിൽക്കുന്ന വാഹന പ്രശ്നത്തിന് അടിയന്തിരമായി പരിഹാരം കാണേണ്ടതാണ്.

പഞ്ചായത്തിന്റെയും ഹരിതകർമ്മസേനാംഗങ്ങളുടെയും ആഭിമുഖ്യത്തിൽ ഹരിതകർമ്മസേനയുടെ പ്രവർത്തനങ്ങളെയും പ്രധാന്യത്തേയും കുറിച്ച് പൊതുജനങ്ങളെ ബോധവാന്മാരാക്കുന്നതിന് സാധ്യമായിട്ടുണ്ട്. മൈക്ക് അനൗൺസ്മെന്റും വാർഡ് തലത്തിൽ ബോധവൽക്കരണവും നടത്തി. പഞ്ചായത്തിലെ വിവിധ സേവനങ്ങൾ നൽകുന്നതിന് ഗ്രീൻകാർഡ് നിർബന്ധമാക്കിയിട്ടില്ല.

ഹരിതകർമ്മസേന വരവ് – ചെലവ് റിപ്പോർട്ട് : 2022-23

| വിൽപ്പന വരവ് (രൂപ) | യൂസർ ഫീ വരവ് (രൂപ) | ആകെ വരവ് (രൂപ) | ഹരിതകർമ്മസേനാംഗങ്ങൾക്ക് നൽകിയ വേതനം |
|---|---|---|---|
| 2,42,289/- | 27,21,100/- | 29,63,389/- | 26,66,694/- |

നിർദ്ദേശങ്ങൾ

1. 'ഹരിതമിത്രം' ആപ്പ് വഴി എല്ലാ ഭവനങ്ങളെയും സ്ഥാപനങ്ങളെയും പദ്ധതിയിൽ ഉൾപ്പെടുത്താൻ അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.
2. കേരള പഞ്ചായത്തീരാജ് നിയമത്തിന്റെ സെക്ഷൻ -219ൽ പരാമർശിക്കുന്ന നിയമ നടപടികൾ കർശനമായി നടപ്പിൽ വരുത്തുന്നുവെന്ന് ബന്ധപ്പെട്ട അധികാരികൾ ഉറപ്പുവരുത്തേണ്ടതാണ് .
3. MLP, LEGACY മാലിന്യങ്ങൾ എല്ലാ മാസവും നീക്കം ചെയ്യപ്പെടുന്നുണ്ട് എന്ന് ഉറപ്പുവരുത്തേണ്ടതാണ്.
4. പഞ്ചായത്ത് തലത്തിൽ പരാതിപരിഹാരസെൽ രൂപീകരിക്കാവുന്നതാണ്.
5. ജൈവമാലിന്യങ്ങൾ വളമാക്കി വിതരണം ചെയ്യാവുന്നവിധം ശാസ്ത്രീയ സംവിധാനങ്ങൾ ആവിഷ്കരിക്കുന്നതിന്റെ സാധ്യതകൾ പരിശോധിക്കേണ്ടതാണ്.
6. പ്ലാസ്റ്റിക് കത്തിക്കുന്നതിന്റെ ദോഷഫലങ്ങളെക്കുറിച്ചും, അവയുടെ വിനിയോഗം കുറയ്ക്കുന്നതിന്റേയും, അവ ശാസ്ത്രീയമായി പുനരുപയോഗത്തിലൂടെ നിർമ്മാർജനം ചെയ്യേണ്ടതിന്റെയും ആവശ്യകതയെപ്പറ്റി പൊതുജനാവബോധം വളർത്തുന്നതിന് നിരന്തര കർമ്മ പരിപാടികൾ കൂടി ഹരിതകർമ്മസേനാംഗങ്ങളുടെ പ്രവർത്തന കലണ്ടറിൽ ഉൾപ്പെടുത്തി പ്രാവർത്തികമാക്കാവുന്നതാണ്.

1-26 ഒഴിഞ്ഞ ബാരലിന്റെ വില ഈടാക്കിയില്ല

ചുവടെ ചേർക്കുന്ന റീടാറിംഗ് പ്രവർത്തിക്ക് അംഗീകൃത എസ്റ്റിമേറ്റ് പ്രകാരം Packed Bitumen Rate അനുവദിച്ചു നൽകിയിരുന്നെങ്കിലും, ഒഴിഞ്ഞ ബാരലിന്റെ വില തിരികെ ഈടാക്കിയിട്ടില്ല. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവർത്തിയുടെ പേര്/ പ്രോജക്ട് നമ്പർ/ മറ്റ് വിശദാംശങ്ങൾ | ഉപയോഗിച്ച ബിറ്റുമിൻ ഇനം/ അളവ് | ആകെ ബാരലുകളുടെ എണ്ണം | തുക (₹) | കരാറുകാരൻ |
|---|---|---|---|---|---|
| 1. | ഓടിൽപാം-വട്ടപ്പാട് റോഡ് റീടാറിംഗ്, കോൺക്രീറ്റിംഗ് (SO 91/22-23) TS No.29390/21-22 TS Amount:₹11,60,000/- (Maintanance Fund Road) ചെലവ്:₹11,00,971/- (ബിൽ നം.2/30.4.22) | S65-5911.72kg, RS1-572.5kg | 38+3=41 | 11,521/- (@281/-) | ശ്രീ. സുനിൽദത്ത് കരാർ നമ്പർ: 69/AE/LSGD/ ITVA/21-22 Agreed PAC: ₹10,29,818/- |

| | | | | | |
|---|---|---|---|---|---|
| | എം.ബുക്ക് നം.631,635 | | | | |

അപാകതയ്ക്കുമേൽ വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക്, ബാരലകളുടെ വില കരാറുകാരനിൽ നിന്നും ഈടാക്കി ഒടുക്കുന്നതാണെന്ന് അസിസ്റ്റന്റ് എഞ്ചിനീയർ മറുപടി ലഭ്യമാക്കി. തുക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

Audit Enquiry No. : 9/16.11.23.

1-27 ഹരിത കർമ്മ സേനയുടെ ഉപയോഗത്തിനായി വാങ്ങിയ വാഹനങ്ങൾ ഉപയോഗിക്കുന്നില്ല.

| | |
|---|---|
| പ്രോജക്ട് | ഹരിത കർമ്മസേനയ്ക്ക് ഇലക്ട്രിക്ക് വാഹനം വാങ്ങൽ (251/23) |
| അടങ്കൽ തുക | ₹24,00,000/-<br>(₹7,20,000/- വികസന ഫണ്ട് ജനറൽ,<br>₹16,80,000/- കേന്ദ്രാവിഷ്കൃതം) |
| ചെലവ് | ₹7,20,000/-രൂപ (വികസനഫണ്ട് ജനറൽ)<br>₹12,68,000/- (കേന്ദ്രാവിഷ്കൃതം) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| ബിൽ നം. | 19/17-2-22 (7,20,000/-), ചെക്ക് നം - 6535517/20-1-22 |

ഹരിതകർമ്മ സേനയ്ക്ക് വാഹനം വാങ്ങൽ (പ്രോജക്ട് നം. 251/23) എന്ന പ്രോജക്ട് പ്രകാരം പഞ്ചായത്ത് കമ്മറ്റിയുടെ 30-9-2022 ലെ 1(13) തീരുമാനം അനുസരിച്ച് 4 ഇലക്ട്രിക്ക് വാഹനങ്ങൾ Gem പോർട്ടൽ മുഖേന വാങ്ങാൻ തീരുമാനിയ്ക്കുകയും, 26.10.22 ലെ 2(7) കമ്മിറ്റി തീരുമാന പ്രകാരം Floret Technologies എന്ന സ്ഥാപനത്തിന്റെ 19,80,000/- രൂപയുടെ ബിഡ് അംഗീകരിക്കുകയും ചെയ്തു. (₹4,97,000/unit, Bid No-GEM/2022/B/2626528, Project-Ecart For Garbage With Tipping Facility).

7-11-2022 ലെ GST INVOICE-FT-M036/2022-23 പ്രകാരം 4 ഇലക്ട്രിക്ക് വാഹനങ്ങൾ ഗ്രാമപഞ്ചായത്ത് ഓഫീസിൽ എത്തിച്ച് നൽകുകയും ചെയ്തു.

ഹരിതകർമ്മസേനയ്ക്ക് വാഹനം എന്നാണ് കൈമാറിയത്, നിലവിൽ വാഹനം ഹരിതകർമ്മസേന ഉപയോഗിയ്ക്കുന്നുണ്ടോ എന്നീ വിവരങ്ങൾ ആരാഞ്ഞ് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് താഴെ പറയുന്ന മറുപടി ലഭ്യമാക്കി.

നിലവിൽ ഹരിത കർമ്മസേന ഇലക്ട്രിക് വാഹനങ്ങൾ ഉപയേഗിച്ച് മാലിന്യം ശേഖരിക്കുന്നില്ല. വാഹനം ജം പോർട്ടലിലൂടെ വാങ്ങിയതിനാൽ കാര്യക്ഷമത പ്രത്യേകം പരിശോധിക്കുന്നതിന് സാധിച്ചിരുന്നില്ല. എന്നാൽ ഈ വാഹനങ്ങൾ ഉപയോഗിക്കാൻ ആരംഭിച്ചപ്പോൾ മുതൽ ചെറിയ കയറ്റങ്ങൾ പോലും കയറാനുള്ള ക്ഷമത വാഹനത്തിന് ഇല്ലെന്ന് ബോധ്യപ്പെട്ടതിനെ തുടർന്ന് വാഹനം ലഭ്യമാക്കിയ ഫ്ലോററ്റ് ടെക്നോളജീസിനെ അറിയിക്കുകയും അവർ വാഹന പരിശോധന നടത്തി പ്രശ്നം പരിഹരിച്ചുവെന്ന് അറിയിക്കുകയും ചെയ്തു. ഇതിന്റെ അടിസ്ഥാനത്തിൽ വീണ്ടും വാഹനങ്ങൾ ഉപയോഗിച്ചുതുടങ്ങിയെങ്കിലും മാലിന്യം ശേഖരിക്കുന്ന ഘട്ടത്തിൽ വാഹനങ്ങൾ അപകടത്തിൽപ്പെടുകയും ഹരിത കർമ്മ സേന അംഗങ്ങൾക്ക് പരിക്ക് പറ്റുകയും ചെയ്തു. മലയോര മേഖലയായ ഗ്രാമപഞ്ചായത്തിന്റെ പ്രത്യേക ഭൂപ്രകൃതി കാരണവും കയറ്റിറക്കങ്ങൾ കൂടുതലുള്ള പ്രദേശങ്ങൾ ഉൾപ്പെടുന്നതിനാലും ഇലക്ട്രിക് വാഹനങ്ങൾ അപകടത്തിൽ പെടാനുള്ള സാധ്യത കൂടുതലാണ്. ഇത് പരിഗണിച്ച്, ലഭ്യമാക്കിയ നാല് വാഹനങ്ങൾക്ക് പകരം കൂടുതൽ ക്ഷമതയുള്ള വാഹനങ്ങൾ ലഭ്യമാക്കുന്നതിനും ഇത് അപ്രായോഗികമാണെങ്കിൽ വാഹനങ്ങൾ കേടുപാടുകൾ തീർത്ത് എൻജിൻ കപ്പാസിറ്റി, പുള്ളിംഗ് കപ്പാസിറ്റി, ബാറ്ററി കപ്പാസിറ്റി എന്നിവ വർദ്ധിപ്പിച്ച് വാഹനങ്ങൾ ഉപയോഗയോഗ്യമാക്കി നൽകുന്നതിനുമുള്ള നടപടി സ്വീകരിക്കണം എന്നും ആവശ്യപ്പെട്ട് വാഹനങ്ങൾ സപ്ലൈ ചെയ്ത ഫ്ലോററ്റ് ടെക്നോളജീസ് എന്ന സ്ഥാപനത്തിന് കത്ത് നൽകി. അല്ലാത്തപക്ഷം നിയമനടപടി സ്വീകരിക്കുന്നതാണെന്നുള്ള വിവരവും 27-09-23 ലെ 3(1) നമ്പർ ഭരണസമിതി തീരുമാനപ്രകാരം 5/10/23 ന് ഫ്ലോററ്റ് ടെക്നോളജീസിനെ അറിയിച്ചിട്ടുണ്ട്. തുടർന്ന്, കയറ്റം കയറുന്നതിനുള്ള ശേഷി കൂടിയ മോട്ടോർ, വാഹനങ്ങളിൽ മാറ്റി സ്ഥാപിക്കാമെന്നും വീൽ ബെയ്സ് കൂട്ടി നൽകാമെന്നും ത്രീ വീലർ വാഹനം കൈകാര്യം ചെയ്യുന്നതിന് പ്രത്യേകം പരിശീലനം നൽകാമെന്നും അറിയിച്ചുകൊണ്ട് ഫ്ലോററ്റ് ടെക്നോളജീസിൽ നിന്ന് കത്ത് ലഭിച്ചു. അതിൻപ്രകാരം ഒരു വാഹനം ശരിയാക്കി നൽകുകയും ബാക്കിയുള്ള മൂന്ന് വാഹനങ്ങൾ അപാകത പരിഹരിക്കുന്നതിനായി കൊണ്ടു പോയിട്ടുള്ളതും ആണ്. എന്നാൽ ശരിയാക്കിയ വാഹനത്തിന്റെ മോട്ടോർ കപ്പാസിറ്റി 1500 വാട്സ് ആക്കിയെങ്കിലും, പഞ്ചായത്ത് പ്രദേശത്ത് ഉപയോഗിക്കുന്നതിന് അഭികാമ്യമായിരുന്നില്ല. ആയതിനാൽ കൊണ്ടുപോയിട്ടുള്ള മറ്റ് മൂന്ന് വാഹനങ്ങളുടെ ശേഷി 1500 വാട്സ് ആക്കിയാലും എം.സി.എഫ്. സ്ഥിതി ചെയ്യുന്ന കാട്ടാമ്പള്ളി പോലെയുള്ള സ്ഥലത്ത് എത്തുന്നതിന് പ്രയാസമാണ്.

ഭൂമിശാസ്ത്രപരമായ സവിശേഷതകളുടെ അടിസ്ഥാനത്തിൽ, വാങ്ങാൻ പോകുന്ന വാഹനങ്ങളുടെ കാര്യക്ഷമത സംബന്ധിച്ച് സാങ്കേതിക വിദഗ്ധരുടെ അഭിപ്രായം തേടാതെ 4 വാഹനങ്ങൾ ഒരുമിച്ച് വാങ്ങിയത് ബന്ധപ്പെട്ടവരുടെ ഭാഗത്തുനിന്നുണ്ടായ ആസൂത്രണപിഴവാണ്. ഹരിത കർമ്മസേനാ പ്രവർത്തനങ്ങൾക്ക് പ്രതിബന്ധമായി നിൽക്കുന്ന വാഹന പ്രശ്നത്തിന് അടിയന്തിരമായി പരിഹാരം കാണേണ്ടതും തുടർ നടപടികൾ സ്വീകരിച്ച് മറുപടി ലഭ്യമാക്കേണ്ടതുമാണ്.

ഓഡിറ്റ് എൻക്വയറി-11/17-11-23.

1-28 അധികം വാങ്ങിയ ഗുണഭോക്തൃവിഹിതം തിരികെ നൽകാനുള്ള നടപടികൾ സ്വീകരിയ്ക്കേണ്ടതാണ്

പ്രോജക്ട് നമ്പർ - 230/23

പട്ടികജാതി വനിതകൾക്ക് ആട് വളർത്തൽ

അടങ്കൽ – ₹4,20,000/-

(₹3,15,000/- SCP +

₹1,05,000/- ഗുണഭോക്തൃ വിഹിതം സ്ഥാപനത്തിൽ അടയ്ക്കുന്നത്)

ആകെ ചെലവ് – ₹3,15,000/- SCP

(ബിൽ നം. 6/ 19.11.23 - ₹1,21,500/-
ബിൽ നം.10/ 22.2.23 - ₹72,000/-
ബിൽ നം.1931.3.23 - ₹1,21,500/-)

ഗുണഭോക്തൃവിഹിതം – ₹1,05,000/- BC

₹40,500/- - ചെക്ക് നം. 7675381/ 31.1.23
₹24,000/- - ചെക്ക് നം. 7675388/ 28.2.23
₹40,500/- - ചെക്ക് നം. 7675395/ 28.3.23

70 പട്ടികജാതി വനിതാ കർഷകർക്ക് 6 മുതൽ 8 വരെ മാസം പ്രായമുള്ള 60,000/- രൂപ വീതം വിലയുള്ള 70 പെണ്ണാടുകളെ വിതരണം ചെയ്യുന്നതായിരുന്ന പദ്ധതി. ഗുണഭോക്താക്കൾ 1,500/- രൂപ ഗുണഭോക്തൃഹിതമായി സ്ഥാപനത്തിൽ അടയ്ക്കുന്നു. കളക്ഷൻ രജിസ്റ്റർ പ്രകാരം ആകെ 71 ഗുണഭോക്താക്കൾ 1,500/- രൂപ വീതം ഗുണഭോക്തൃഹിതം അടച്ചിട്ടുണ്ട് (71 * 1500 = ₹1,06,500/-)

1220101975/6.12.22-11

1220102016/9.12.22-6

1220102198/17-12-22-4

1220102286/23.12.22-16

1220102403/30-12-22-1

1220102542-7.2.23-4

1220102880-28-1-23-29

ആകെ 71 * 1500=₹1,06,500/-

70 ഗുണഭോക്താക്കൾക്ക് മാത്രമാണ് പെണ്ണാടുകളെ വിതരണം ചെയ്തിട്ടുള്ളത്. 70 ഗുണഭോക്താക്കൾക്കായുള്ള പദ്ധതി പ്രകാരം 71 ഗുണഭോക്താക്കളിൽ നിന്നും ഗുണഭോക്തൃവിഹിതം വാങ്ങിയതിന് വിശദീകരണം ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയില്ല.

ആയതിനാൽ അധികമായി വാങ്ങിയ ഗുണഭോക്തൃ വിഹിതം (₹1,500/-) തിരികെ കൊടുക്കാനുള്ള നടപടികൾ സ്വീകരിയ്ക്കേണ്ടതാണ്.

## 1-29 കന്നുകുട്ടി പരിപാലനം - വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല

വെറ്ററിനറി സർജൻ നടപ്പിലാക്കിയ കന്നുകുട്ടി പരിപാലന പദ്ധതിയ്ക്കായി കാഫ് ഫീഡ് സബ്സിഡി സ്കീം അസിസ്റ്റന്റ് ഡയറക്ടറുടെ അക്കൗണ്ടിലേയ്ക്ക് (നം. 703011400000036) താഴെ പറയും പ്രകാരം തുക നല്കിയിട്ടുണ്ട്.

| പ്രോജക്ട് നമ്പർ | ബിൽ നമ്പർ | തുക (രൂപ) |
|---|---|---|
| 147/23 | 14/17-3-23 | 4,62,500/- വികസനഫണ്ട് (പൊതുവിഭാഗം) |
| | ആകെ | |

74 ക്ഷീരകർഷകരുടെ 4 മുതൽ 7 വരെ മാസം വരെ പ്രായമുള്ള കന്നുകുട്ടികൾക്ക് സബ്സിഡി അവസാനിക്കുന്നതു വരെ പകുതി വിലയ്ക്ക് കാലിത്തീറ്റ ലഭ്യമാക്കാനാണ് തുക ഒടുക്കുവരുത്തിയത്. ആകെ ഒടുക്കിയ 4,62,500/-രൂപയിൽ 1,99,827/-രൂപയുടെ വിനിയോഗ സാക്ഷ്യപത്രം മാത്രമാണ് ലഭ്യമാക്കിയത്. ആയതിനാൽ വിനിയോഗ വിവരം ലഭ്യമാക്കാൻ അവശേഷിയ്ക്കുന്ന 2,62,673/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. വിനിയോഗ സാക്ഷ്യപത്രം സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്.

എൻക്വയറിനം – 14/17-11-23.
തടസ്സപ്പെടുത്തിയ തുക – 2,62,673/- രൂപ.

## 1-30 തനത് വരുമാനം-അവലോകനം

വസ്തുനികുതി പരിഷ്ക്കരണ നടപടികൾ പൂർത്തിയായില്ല.

01.04.2023 പ്രാബല്യത്തിൽ വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ 22.03.2023 -ലെ സ.ഉ.(കൈ)നം. 77/2023/തസ്വഭവ പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് പ്രകാരം ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി പുതുക്കി നിശ്ചയിക്കൽ.

2022-23 വർഷം വരെ വസ്തുനികുതി നിർണ്ണയിച്ചിട്ടുള്ള എല്ലാ കെട്ടിടങ്ങളുടെയും വാർഷിക വസ്തുനികുതിയോടൊപ്പം 2023-24 മുതൽ ഓരോ വർഷവും, തൊട്ടു മുൻ വർഷത്തിൽ പ്രാബല്യത്തിലുള്ള നികുതിയുടെ അഞ്ച് ശതമാനം വീതം വർദ്ധനവ് വരുത്തി ഗ്രാമപഞ്ചായത്തുകളും നഗരസഭകളും അടുത്ത അഞ്ചു വർഷത്തേക്കുള്ള വസ്തുനികുതി പുതുക്കി നിശ്ചയിക്കേണ്ടതായുണ്ട്. അതു പ്രകാരം 2022-23 വരെ നികുതി നിർണ്ണയിച്ചിട്ടുള്ള എല്ലാ കെട്ടിടങ്ങളുടെയും വസ്തുനികുതി 01.04.2023 മുതൽ പ്രാബല്യത്തിൽ 5% വർദ്ധിപ്പിച്ചിട്ടുണ്ട്.

2. കെട്ടിടങ്ങളുടെ ശരിയായ വിവരങ്ങൾ സോഫ്റ്റ്‌വെയറിൽ ചേർക്കൽ.

വസ്തുനികുതി നിർണ്ണയത്തിന് ശേഷം തറ വിസ്തീർണ്ണത്തിലും ഉപയോഗക്രമത്തിലും മറ്റും മാറ്റം വരുത്തുക, സോഫ്റ്റ്‌വെയറിൽ കൃത്യമല്ലാത്ത വിവരങ്ങൾ ചേർക്കുക എന്നിവ മൂലം നികുതി നിർണ്ണയത്തിന് അടിസ്ഥാനമാക്കിയ വിവരങ്ങളിൽ നിന്നും വ്യത്യസ്തമാണ് പല കെട്ടിടങ്ങളുടെയും നിലവിലെ അവസ്ഥ. കെട്ടിടങ്ങളുടെ ശരിയായ വിവരം ഫീൽഡ് പരിശോധന നടത്തി സോഫ്റ്റ്‌വെയറിൽ ചേർത്ത്, ഈ വിവരങ്ങളുടെ അടിസ്ഥാനത്തിൽ മാറ്റം വന്ന കാലം മുതൽ പ്രാബല്യത്തിൽ നികുതി പുനർനിർണ്ണയിക്കേണ്ടതായുണ്ട്.

3. 2023-24 മുതൽ വസ്തുനികുതി നിരക്കുകളും മേഖലകളും റോഡുകളുടെ തരംതിരിവും പുതുക്കൽ.

2023-24 മുതൽ പുതുതായി വസ്തുനികുതി നിർണ്ണയിക്കുന്ന കെട്ടിടങ്ങളുടെ നികുതി നിർണ്ണയത്തിന് ബാധകമാക്കേണ്ട നിരക്കുകളും മേഖലകളുടെ തരംതിരിക്കലും വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള തരംതിരിക്കലുകളും വ്യവസ്ഥകൾ പ്രകാരം ഗ്രാമപഞ്ചായത്ത് നികുതി പുതുക്കി നിശ്ചയിക്കേണ്ടതായുണ്ട്. ഇതിനായി 05.04.2023-ലെ സ.ഉ.(അച്ചടി) നം. 25/2023 /തസ്വഭവ (എസ്.ആർ.ഒ. നം.479/2023 തീയതി: 10.04.2023) പ്രകാരം അടിസ്ഥാന വസ്തുനികുതി നിരക്കുകളുടെ കുറഞ്ഞതും കൂടിയതുമായ പരിധികൾ നിശ്ചയിച്ചുകൊണ്ട് സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. അടിസ്ഥാന വസ്തുനികുതി നിരക്കുകളുടെ പരിധിയ്ക്ക് വിധേയമായി ഗ്രാമപഞ്ചായത്ത് വിവിധയിനം കെട്ടിടങ്ങളുടെയും അവയുടെ ഉപവിഭാഗങ്ങളുടെയും അടിസ്ഥാന വസ്തുനികുതി നിരക്കുകൾ വിജ്ഞാപനം ചെയ്തിട്ടുണ്ട്.

4. സേവന ഉപനികുതി

സേവന ഉപനികുതി നിലവിൽ പിരിക്കുന്നില്ല. സേവന ഉപനികുതി ഈടാക്കുന്നതിനു വേണ്ട നടപടികൾ ഭരണ സമിതി അംഗീകാരത്തോടെ നടപ്പാക്കാവുന്നതാണ്.

5. തൊഴിൽ നികുതി

1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 204-ാം വകുപ്പ്, 1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽനികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം ഓരോ അർദ്ധവർഷത്തിലും 60 ദിവസത്തിൽ കുറയാത്ത കാലം ഒരു പഞ്ചായത്ത് പ്രദേശത്ത് ഇടപാടുകൾ നടത്തുന്ന ഏതൊരു സ്ഥാപനത്തിൽ നിന്നും, ബിസിനസ്സ് നടത്തുകയോ, തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെടുകയോ, പൊതുവായോ സ്വകാര്യമായോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുകയോ ചെയ്യുന്ന ഏതൊരാളിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ്.അതുപ്രകാരം സ്വകാര്യ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.നിലവിൽ തൊഴിൽ നികുതി വരുമാനത്തിൽ കൂടുതലും സർക്കാർ ജീവനക്കാരിൽ നിന്നും ഈടാക്കുന്നതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 മണ്ണുനിറയ്ക്കൽ-'കൺസോളിഡേഷൻ' കുറവ് വരുത്തിയില്ല 5,280/-രൂപയുടെ ചെലവ് നിരാകരിക്കുന്നു.

പ്രോജക്ട് നം. SO 88/23 (കൊടിയിൽഭാഗം പെരുമാല റോഡിൽ കലുങ്കും പാർശ്വഭിത്തിയും നിർമ്മാണം)
ടി.എസ് നം. 36036/21-22
ടി.എസ് തുക : 5,00,000/-രൂപ (മെയിന്റനൻസ് ഫണ്ട് റോഡ്)
ചെലവ് : 3,75,996/-രൂപ (ബിൽ നം. 3/30.04.22)
കരാറുകാരൻ - ശ്രീമതി. പ്രസന്നകുമാരി
കരാർ നം. - 45/AE/LSGD/ITVA/20-22 Dtd. 18.11.2021
എം. ബുക്ക് നമ്പർ - 408/20-21
പ്രവൃത്തിയുടെ പരിഷ്കരിച്ച എസ്റ്റിമേറ്റിലെ എക്സ്ട്രാ ഇനം 1 ആയി കരാറുകാരന്റെ സ്വന്തം മണ്ണുനിറയ്ക്കൽ.... (Od 1477792/2021-22) എന്ന പ്രവൃത്തി 212.5$m^3$ അളവിൽ (@334.73/m3) ചെയ്യുകയും, ഇതിൽനിന്നും പദ്ധതി പ്രദേശത്തുനിന്നും എസ്റ്റിമേറ്റിലെ 1-ാം

ഇനമായി കുഴിച്ചെടുത്ത 26.558$m^3$ മണ്ണ് കുറവു വരുത്തി 185.942$m^3$ ന് കരാർ നിരക്കായ 253.52/$m^3$ (24.26% കുറഞ്ഞ നിരക്ക്) എന്ന നിരക്കിൽ തുക കണക്കാക്കി ആകെ 47,140/-രൂപ അനുവദിച്ച് നൽകുകയും ചെയ്തു.
സി.പി.ഡബ്ല്യൂ.ഡി. സ്പെസിഫിക്കേഷൻ 2019 ഖണ്ഡിക 2.11.5 ൽ പരാമർശിക്കുന്ന 10% കൺസോളിഡേഷൻ കുറവ് വരുത്താതെ തുക അനുവദിച്ചതുമൂലം 5,280/-രൂപയുടെ [185.942x10%=18.594$m^3$x₹253.52/$m^3$=4714+565.68 (12% GST)=5280] അധിക ചെലവ് ഓഡിറ്റ് കണക്കാക്കുന്നു.

അപാകത സംബന്ധമായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി, കൺസോളിഡേഷൻ ഇനത്തിൽ കുറവ് വരുത്താത്ത തുക കരാറുകാരനിൽനിന്നും ഈടാക്കി ഒടുക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി. 5,280/-രൂപയുടെ ചെലവ് നിരാകരിക്കുന്നു. തുക ഈടാക്കി ബന്ധപ്പെട്ട അക്കൗണ്ടിൽ ഒടുക്കുവരുത്തി വിവരം അറിയിക്കേണ്ടതാണ്.
Audit Enquiry No.8/17.11.23.
നിരാകരിക്കുന്ന തുക – 5,280/-രൂപ.

3-2 പകൽ വീട് പദ്ധതി - കരാർ ജീവനക്കാർക്ക് ഉയർന്ന നിരക്കിൽ വേതനം നൽകി

പകൽ വീട് പദ്ധതിയിൽ കരാറടിസ്ഥാനത്തിൽ നിയമിച്ചിട്ടുള്ള കെയർ ഗിവർക്ക് സബ്സിഡി മാർഗ്ഗരേഖ പ്രകാരം അനുവദനീയമായതിനേക്കൾ ഉയർന്ന നിരക്കിൽ വേതനം അനുവദിച്ചു. സബ്സിഡി മാർഗ്ഗരേഖ സ.ഉ.(കൈ) നം. 115/2022 തസ്വഭവ തീയതി 28.5.22ഖ.7.1.14 പ്രകാരം പകൽവീട് നടത്തിപ്പിന് അനുയോജ്യമായ തരത്തിൽ ജീവനക്കാരെ കരാർ അടിസ്ഥാനത്തിൽ നിയോഗിക്കാവുന്നതും പ്രതിമാസം 7,000/- രൂപയിൽ അധികമാകാതെ വേതനം നൽകാവുന്നതുമാണ്. എന്നാൽ ഈ നിർദ്ദേശത്തിന് വിരുദ്ധമായി 2 കെയർ ഗിവർമാർക്ക് (1. ശ്രീമതി. വനജ വി.ആർ, 2. ശ്രീമതി. മുഹ്സിന.എസ്. എസ്.) പ്രതിമാസം 14,000/- രൂപ നിരക്കിൽ വേതനം അനുവദിച്ചിട്ടുണ്ട്. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| നിർവഹണോദ്യോഗസ്ഥൻ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ |
| പദ്ധതി, നം. | പകൽ വീട് പദ്ധതി (144/23) |
| അടങ്കൽ തുക | ₹9,25,000/-<br>(₹4,00,000/- വികസനഫണ്ട്-ജനറൽ,<br>₹5,25,000/- ബ്ലോക്ക് പഞ്ചായത്ത് വിഹിതം) |
| ചെലവ് | ₹3,97,382/- വികസനഫണ്ട്-ജനറൽ,<br>₹4,42,622/-ബ്ലോക്ക് പഞ്ചായത്ത് വിഹിതം |

ബിൽ, ചെലവ് വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ബിൽ നമ്പർ, തീയതി | മാസം | നൽകിയ തുക (₹) | നൽകാവുന്നത് (₹) | അധികം നൽകിയത് (₹) |
|---|---|---|---|---|
| 2/15.6.22 | 4/22,5/22 | വനജ, മുഹ്സിന<br>56,000/- | 28,000/- | 28,000/- |
| 5/14.7.22 | 6/22 | വനജ, മുഹ്സിന<br>28,000/- | 14,000/- | 14,000/- |
| 7/11.8.22 | 7/22 | വനജ,മുഹ്സിന<br>28,000/- | 14,000/- | 14,000/- |
| 14/1.9.22 | 8/22 | വനജ, മുഹ്സിന<br>28,000/- | 14,000/- | 14,000/- |
| 16/11.10.22 | 9/22 | വനജ, മുഹ്സിന<br>28,000/- | 14,000/- | 14,000/- |
| 24/8.12.22 | 10/22,11/22 | വനജ-28,000/- | 14,000/- | 14,000/- |
| 24/8.12.22 | 10/22 | മുഹ്സിന (14 Days)<br>6,322/- | 3,161/- | 3,161/- |
| 33/25.1.23 | 12/22 | വനജ-14,000/- | 7,000/- | 7,000/- |
| 39/14.2.23 | 1/23 | വനജ-14,000/- | 7,000/- | 7,000/- |
| 46/8-3-23 | 2/23, | വനജ, മുഹ്സിന<br>28,000/- | 14,000/- | 14,000/- |

| | | | | |
|---|---|---|---|---|
| 55/31-3-23 | 3/23 | വനജ, മുഹ്സിന<br>28,000/- | 14,000/- | 14,000/- |
| ആകെ | | | | 1,43,161/- |

അധിക വേതനം നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിക്ക് സാമൂഹ്യ നീതി വകുപ്പ് ഡയറക്ടറുടെ ധനകാര്യ വിശകലനത്തിൽ കെയർ ഗിവർക്ക് 14,000/- രൂപ ഉൾപ്പെടുത്തിയിട്ടുള്ളതിനാലും, മറ്റ് ഫണ്ടുകൾ സാമൂഹിക നീതി വകുപ്പിൽ നിന്ന് ലഭ്യമല്ലാത്ത സാഹചര്യത്തിലും ആണ് പ്രസ്തുത നിരക്കിൽ വേതനം അനുവദിച്ചിട്ടുള്ളത് എന്ന് മറുപടി ലഭ്യമാക്കി.

കൂടാതെ 2023 ഏപ്രിൽ മാസം മുതൽ 7,000/- രൂപ വീതം മാത്രമാണ് നൽകുന്നത് എന്നും, 12-7-2023 ലെ 3(1) നമ്പർ കമ്മിറ്റി തീരുമാന പ്രകാരം ജില്ലാ സാമൂഹിക നീതി ഓഫീസർക്ക് ഇട്ടിവ ഗ്രാമപഞ്ചായത്തിലെ രണ്ട് പകൽ വീടുകൾ കൂടി സായംപ്രഭാ പദ്ധതിയിൽ ഉൾപ്പെടുത്തി നൽകുന്നതിനായി കത്ത് നൽകിയിട്ടുണ്ട് എന്നും മറുപടി ലഭ്യമാക്കി. സബ്സിഡി മാർഗ്ഗരേഖ പ്രകാരം 2022-23 ൽ അനുവദനീയമായ നിരക്കിൽ നിന്നും കൂടുതലായി ചെലവഴിച്ച 1,43,161/- രൂപയുടെ ചെലവ് അംഗീകരിക്കുന്നില്ല. തുക തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നമ്പർ – 15/17-11-23.

നിരാകരിച്ച തുക - 1,43,161-രൂപ.

## ഭാഗം -4
## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2022-23 | 16/11/2023 | കെ.എസ്.എ.കെ.എൽ.എം.പി3/1957/23<br>തീയതി 05/12/2023 |

### 4-2 സംയുക്ത പ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക (₹) | പ്രൊജക്റ്റിന്റെ പേര് | ചെലവ് (₹) | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 3,50,000/- | ലൈഫ് (എസ്.സി.പി.)<br>(പ്രോജക്ട് നം. 145/23) | 3,50,000/- | - |
| | | 2,50,000/- | അനുപൂരക പോഷകാഹാരം<br>(പ്രോജക്ട് നം. 65/23) | 2,50,000/- | - |
| | | 3,75,000/- | ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ്<br>(പ്രോജക്ട് നം. 64/23) | 3,75,000/- | - |
| | | 4,42,622/- | വയോജനങ്ങളുടെ പകൽവീട്<br>(പ്രോജക്ട് നം. 144/23) | 4,42,622/- | - |
| | | 3,48,831/- | പാലിന് സബ്സിഡി<br>(പ്രോജക്ട് നം. 204/23) | 3,48,831/- | |
| | | 5,83,290/- | ബഡ്സ് സ്കൂൾ (പ്രോജക്ട് നം. 43/23) | 5,83,290/- | |
| ജില്ലാ പഞ്ചായത്ത് | 2022-23 | 1,35,000/- | ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ്<br>(പ്രോജക്ട് നം. 64/23) | 1,35,000/- | - |
| | | 2,17,035/- | അനുപൂരക പോഷകാഹാരം-<br>ജനറൽ (പ്രോജക്ട് നം. 65/23) | 2,17,035/- | - |
| | | 1,78,758/- | പാലിന് സബ്സിഡി<br>(പ്രോജക്ട് നം.204/23) | 1,78,758/- | - |
| | | 36,618/- | പാലിന് സബ്സിഡി<br>(പ്രോജക്ട് നം.249/23) | 36,618/- | - |

### 4-3 നിക്ഷേപപ്രവൃത്തിക്ക നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക (₹) |
|---|---|---|---|
| കെ.എസ്.ഇ.ബി. | പോസ്റ്റ് ഷിഫ്റ്റിംഗ് (പ്രോജക്ട് നം.-34/2023) | 185/03.12.2021 | 26,97,256/- |
| ഭൂജലവകുപ്പ് | കുഴൽക്കിണർ നിർമ്മാണം (പ്രോജക്ട് നം.-80/2023) | 311/04.02.2023 | 6,69,610/- |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 52,60,000/-രൂപ വരവും 45,40,000/-രൂപ ചെലവും ഉണ്ട്. മുൻ ബാക്കി 2,40,000/- രൂപ ഉൾപ്പടെ 9,60,000/- രൂപ വിതരണം ചെയ്യാൻ അവശേഷിക്കുന്നു.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക (₹) | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക (₹) | തൻവർഷം തിരിച്ചടച്ച തുക(₹) | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക (₹) |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| KURDFC | - | 52,60,000/- | 3,69,16,374/- | 52,85,880/- | | 3,68,90,494/- |

## 4-6 സ്ഥിര നിക്ഷേപം

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷംലഭിച്ച 75,307/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഖണ്ഡിക | ഈടാക്കിയ തുക (രൂപ) | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നം/തീയതി |
|---|---|---|---|---|
| 2019-20 | 1-18-2 | 2,500/- | ശ്രീ. അർഷാദ് ആർ പ്രസാദ് | 1220102244/ 20.12.2022 |
| 2019-20 | 3-1(3) | 3,372/- | ശ്രീ. ഷിബു സി രാജ് | 1220102385/ 29.12.2022 |
| 2020-21 | 3-2 | 1,427/- | ശ്രീ. കെ എസ് ഷാജി കുമാർ | 1220102337/ 27.12.2022 |
| 2020-21 | 1-20 | 1,500/- | ശ്രീ. ജയചന്ദ്രൻ | 1220102597/ 10.01.2023 |
| 2019-20 | 1-18(3) | 1,550/- | ശ്രീ. മോഹനൻ പിള്ള | 1220102626/ 11.01.2023 |
| 2019-20 | 1-18(1) | 1,500/- | ശ്രീ. പ്രസന്ന കുമാരി | 1220102729/ 19.01.2023 |
| 2019-20 | 3-1(1) | 5,620/- | ശ്രീ. സുനിൽദത്ത് | 1220104175/ 30.03.2023 |
| 2019-20 | 3-1(2) | 7,587/- | ശ്രീ. സുനിൽദത്ത് | 1220104175/ 30.03.2023 |
| 2020-21 | 3-1 1,2,3,4,5,6) | (6182+4215+10959+ 8430+4777+7025) 41,588/- | ശ്രീ. സുനിൽദത്ത് | 1220104176/ 30.03.2023 |
| 2021-22 | 3-1 | 8,663/- | ശ്രീ. സതീഷ് കുമാർ വി ആർ, എസ് കെ ഇലക്ട്രിക്കൽ | 1220103936/ 18.03.2023 |
| | | 75,307/- | | |

മേൽ വരവിൽ 66,644/- രൂപ 180400301 ശീർഷകത്തിലും 8,663/- രൂപ 320200113 ശീർഷകത്തിലും ആണ് ഉൾക്കൊള്ളിച്ചിരിക്കുന്നത്.

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1998-99 | - | 2000-01 | - | ദുർബ്ബല വിഭാഗത്തിൽപ്പെട്ടവരുടെ ഭവനങ്ങൾക്ക് ഇലക്ട്രിക് വയറിങ്- കരാറുകാരന് നൽകിയ മുൻകൂർ നിരാകരിക്കുന്ന തുക-25,000/- രൂപ | |
| 2000-01 2001-02 | 2-10 | 2007-08 | 3-9-1 | മണൽലേലം – വ്യവസ്ഥകൾ പാലിച്ചിട്ടില്ല. | |
| | - | 2012-13 | - | ലഘു അവലോകനം-ഫ്രണ്ട് ഓഫീസ് സംവിധാനം | |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

A) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക (₹) | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | - | 5,280/- | ശ്രീ. അജി. കെ, അസിസ്റ്റന്റ് എൻജിനീയർ |
| 3-2 | - | 1,08,161/- | ശ്രീമതി. ഷൈബി എസ്. ആർ, ഐ.സി.ഡി.എസ്. സൂപ്പർവൈസർ |
| | - | 35,000/- | ശ്രീമതി. വിധുബാൽ ചിത്ര ഐ, ഐ.സി.ഡി.എസ്. സൂപ്പർവൈസർ |
| 1-26 | - | 11,521/- | ശ്രീ.അജി കെ, അസിസ്റ്റന്റ് എൻജിനീയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക (₹) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-21 | 33,66,866/- | ശ്രീമതി ലീനാകുമാരി കെ. ജി, സെക്രട്ടറി |
| 1-29 | 2,62,673/- | ഡോ. രേഷ്മ എസ്, വെറ്റിനറി സർജൻ |
| 1-17 | 45,861/- | ഡോ. സിമി ആർ, മെഡിക്കൽ ഓഫീസർ (PHC) |

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി. ഷൈബി എസ്. ആർ, ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ, ചടയമംഗലം | ശിവം, ചാരുംമൂട്, ഐരൂർപാറ പി.ഒ, തിരുവനന്തപുരം |
| ശ്രീമതി. വിധുബാൽ ചിത്ര ഐ, ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ, ഇട്ടിവ | വയലറ്റ്, SBN-19, അമ്പലമുക്ക്, പേരൂർക്കട പി.ഒ, തിരുവനന്തപുരം |
| ശ്രീ. അജി കെ, അസിസ്റ്റന്റ് എൻജിനീയർ | അസിസ്റ്റന്റ് എൻജിനീയർ, മളക്കുഴ പഞ്ചായത്ത് | ചരുവിള വീട്, തഴമേൽ, അഞ്ചൽ |
| ശ്രീമതി ലീനാകുമാരി കെ.ജി, | സെക്രട്ടറി, | പ്ലാവിള പുത്തൻ വീട്, |

| | | |
|---|---|---|
| സെക്രട്ടറി | ഇട്ടിവ ഗ്രാമപഞ്ചായത്ത് | എഴിയം പി.ഒ, അഞ്ചൽ |
| ഡോ. രേഷ്മ എസ്,<br>വെറ്റിനറി സർജൻ | വെറ്റിനറി സർജൻ,<br>ഇട്ടിവ ഗ്രാമപഞ്ചായത്ത് | കല്ലുവിള വീട്,<br>നെടുംമ്പന പി.ഒ. |
| ഡോ. സിമി. ആർ,<br>മെഡിക്കൽ ഓഫീസർ (PHC) | മെഡിക്കൽ ഓഫീസർ,<br>താലൂക്ക് ഹോസ്പിറ്റൽ, വർക്കല | വസന്ത വിലാസം,<br>ചേത്തൻകോട്, വടശ്ശേരിക്കോണം |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1997-98 | കെ.എസ്.എ/കെ.എൽ.എം-പി-3 427 (1)/18/22-03-2018 | 2 |
| 1998-99 | കെ.എസ്.എ/കെ.എൽ.എം-പി-3 427/(2)/02-03-2018 | 7 |
| 1999-00<br>2000-01<br>2001-02 | കെ.എസ്.എ/കെ.എൽ.എം-പി-3 427/(3)/18/22-03-2018 | 49 |
| 2002-03 | കെ.എസ്.എ/കെ.എൽ.എം-പി-3 427/(4)/18/22-03-2018 | 5 |
| 2003-04 | കെ.എസ്.എ/കെ.എൽ.എം-പി-3 427/(5)/18/23-03-2018 | 24 |
| 2004-05 | കെ.എസ്.എ/കെ.എൽ.എം-പി-3 427/(6)/18/23-03-2018 | 30 |
| 2005-06 | കെ.എസ്.എ/കെ.എൽ.എം-പി-3 427/(7)/18/23-03-2018 | 24 |
| 2006-07 | കെ.എസ്.എ/കെ.എൽ.എം-പി-3 791/19/10-06-2019 | 20 |
| 2007-08 | എൽ.എഫ്.ക്യൂപി-4/662/2010/28-12-2011 | 22 |
| 2008-09 | എൽ.എഫ്.ക്യൂപി-4/1405/2012/22-12-2012 | 24 |
| 2009-10 &<br>2010-11 | എൽ.എഫ്.ക്യൂപി-4/1358/2012/13-08-13 | 17 |
| 2011-12 | കെ.എസ്.എ/കെ.എൽ.എം-പി-3 അദാലത്ത് 2011-12/133/22/<br>23-08-2022 | 5 |
| 2012-13 &<br>2013-14 | കെ.എസ്.എ/കെ.എൽ.എം-പി-3 അദാലത്ത് 2012-13&2013-14/<br>133/22/23-08-2022 | 7 |
| 2014-15 | കെ.എസ്.എ/കെ.എൽ.എം-പി-3 അദാലത്ത് 20114-15/133/22/<br>23-08-2022 | 14 |
| 2015-16 | കെ.എസ്.എ/കെ.എൽ.എം-പി-3 അദാലത്ത് 2015-16/133/22/<br>23-08-2022 | 9 |
| 2016-17 | കെ.എസ്.എ/കെ.എൽ.എം-പി-5/1121/2017/31-01-2018 | 13 |
| 2017-18 | കെ.എസ്.എ/കെ.എൽ.എം-പി-3/300/2019/25-09-2019 | 19 |
| 2018-19 | കെ.എസ്.എ/കെ.എൽ.എം-പി-3 -1313/19/3-6-2020 | 4 |
| 2019-20 | കെ.എസ്.എ/കെ.എൽ.എം-പി-3 /1140/21 / 10-03-2022 | എല്ലാ ഖണ്ഡികകളും |
| 2020-21 | കെ.എസ്.എ/കെ.എൽ.എം-പി-3 /1553/21 / 10-03-2022 | എല്ലാ ഖണ്ഡികകളും |
| 2021-22 | കെ.എസ്.എ/കെ.എൽ.എം-പി-3 /37/23/ 29-03-2023 | എല്ലാ ഖണ്ഡികകളും |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 7(1) dated 05-07-2023 and submitted on 07-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Ittiva Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Ittiva Grama Panchayat for the year 2022-2023

Date: 05/12/2023

Deputy Director
District Office Kollam
Kerala State Audit Department

**Audit Report appended to the Audit Certificate of Ittiva Grama Panchayat for the Year 2022-2023.**

**1.Major Observations**

1. An amount of Rs 9,30,879/- refunded from CFC grant payments converted as own fund.

**2.Other Observations**

1 The following mandatory financial statements prescribed in accounting rules are not submitted for audit :-
Ratios, notes on accounts.

2. Net increase/decrease in cashflow does not match with the difference between the opening balance and closing balance of cash and cash equivalents.

3. Details of Grant liability amount of Rs. 11,30,594/ shown as liability in B4 Schedule not available.

4. An Amount of Rs 11,13,591/- shown as liability in tne head of account Beneficiary contribution contain expended amount and wrong credits.

5. Cheques uncashed for more than 3 months were not transfered to stale cheque account.

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കൊല്ലം ജില്ലയിലെ ഇട്ടിവ ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം - 3

## അനുബന്ധപത്രികകൾ

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്